# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അകലക്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.-കെ.റ്റി.എം.പി13/1821/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അകലക്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.റ്റി.എം.പി13/1821/2023 തീയ്യതി: 12/12/2023

## കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 26-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-10-2023 | 26-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശിവരാജ് പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിനീത് രാജൻ, ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജാൻസി ബാബു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ജോസഫ് മാർട്ടിൻ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 10-04-2022 |
| ജോണി ടി എ | സെക്രട്ടറി | 11-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കവിത എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 06-10-2022 |
| ഷീജ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 07-10-2022 | 31-03-2023 |
| സ്നേഹലത മാത്യൂസ് | കൃഷി ഓഫീസർ | 01-04-2022 | 27-09-2022 |
| ഗൗരി ആർ | കൃഷി ഓഫീസർ | 28-09-2022 | 31-03-2023 |
| ഡോ വസുധ എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ ധന്യ ഗോപാൽ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| രശ്മി രഘുനാഥ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 16-01-2023 |
| രാജേശ്വരി ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 17-01-2023 | 31-03-2023 |
| ജോസഫ് മാർട്ടിൻ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ പ്രീത എസ് വൈ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2022 | 31-01-2023 |
| ഡോ.മഞ്ജു മാത്യു പൗവ്വത്ത് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-02-2023 | 31-03-2023 |
| ഗിരിജ കെ ജി | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.അജിൻ ജോസ് | വെറ്ററിനറി സർജൻ | 01-04-2022 | 05-01-2023 |
| ഡോ.കുര്യാക്കോസ് മാത്യു ടി | വെറ്ററിനറി സർജൻ | 06-01-2023 | 28-01-2023 |

| | | | |
|---|---|---|---|
| ഡോ.ഷിബിൻ ജെ എസ് | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| ജെസിൽ കെ എച്ച് | വി ഇ ഓ കാഞ്ഞിരമറ്റം | 01-04-2022 | 31-05-2022 |
| അജിത്ത്കുമാർ വി എസ് | വി ഇ ഓ കാഞ്ഞിരമറ്റം | 01-06-2022 | 13-09-2022 |
| സോനുബാബു കെ | വി ഇ ഓ കാഞ്ഞിരമറ്റം | 14-09-2022 | 19-01-2023 |
| അമല മാത്യൂ | വി ഇ ഓ കാഞ്ഞിരമറ്റം | 20-01-2023 | 31-03-2023 |
| മനു മോഹനൻ | വി ഇ ഓ മറ്റക്കര | 01-04-2022 | 31-05-2022 |
| അജിത്ത്കുമാർ വി എസ് | വി ഇ ഓ മറ്റക്കര | 01-06-2022 | 30-09-2022 |
| സോനുബാബു കെ | വി ഇ ഓ മറ്റക്കര | 01-10-2022 | 15-10-2022 |
| ഫെമി ഫ്രാൻസിസ് | വി ഇ ഓ മറ്റക്കര | 16-10-2022 | 23-01-2023 |
| അമല മാത്യൂ | വി ഇ ഓ മറ്റക്കര | 24-01-2023 | 31-03-2023 |
| റെയ്മോൻ ഡി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 01-09-2022 |
| അഖിൽ ദേവ് എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | ബാങ്ക് അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിൽ മുൻവർഷ നീക്കിയിരിപ്പിൽ നിന്ന് വ്യത്യാസം | 1-1-4 |
| 6 | ജനറൽ ഫണ്ട് മുന്നിരിപ്പിൽ മുൻവർഷ നീക്കിയിരിപ്പിൽ നിന്ന് വ്യത്യാസം | 1-1-5 |
| 7 | ഗ്രാന്റ് മുന്നിരിപ്പിൽ മുൻവർഷ നീക്കിയിരിപ്പിൽ നിന്ന് വ്യത്യാസം | 1-1-6 |
| 8 | സ്ഥിരനിക്ഷേപം അക്കൗണ്ട് ചെയ്തതിൽ 109,169/- രൂപയുടെ കുറവ് | 1-1-7 |
| 9 | ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ വരവ്-ചെലവ് അക്കൗണ്ട് ചെയ്തില്ല | 1-1-8 |
| 10 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-9 |
| 11 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-10 |
| 12 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-11 |
| 13 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | അക്രൂവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | എൻഡോവ്മെന്റ് നിക്ഷേപ പലിശ പിൻവലിച്ചത് വരവായി അക്കൗണ്ട് ചെയ്തില്ല | 1-1-14 |
| 16 | ട്രേഡർ/സ്ഥാപനം എന്നിവയുടെ തൊഴിൽ നികുതി കൃത്യമായ ശീർഷകങ്ങളിൽ ഡിമാന്റ് അക്കൗണ്ട് ചെയ്തില്ല | 1-1-15 |
| 17 | വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന നിക്ഷേപത്തിന്റെ കണക്കുകളിൽ അവ്യക്തത | 1-1-16 |
| 18 | Prior Period ആയി ക്രമീകരിച്ച വരവുകളുടെ ആധികാരികത വ്യക്തമല്ല | 1-1-17 |
| 19 | തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് നേരിട്ടുള്ള ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-18 |
| 20 | വസ്തുനികുതി വേക്കൻസി റമിഷൻ അക്കൗണ്ട് ചെയ്യുന്നില്ല | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |

| | | |
|---|---|---|
| 24 | വാർഷികപദ്ധതി അവലോകനം | 1-5 |
| 25 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | ക്ഷേമ പദ്ധതികൾ | 1-7 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 28 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 31 | പഞ്ചായത്ത് ഫണ്ടിലുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല | 1-12 |
| 32 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-13 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 34 | തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 35 | സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല | 1-16 |
| 36 | കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-17 |
| 37 | ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല | 1-18 |
| 38 | വാടക - കുടിശ്ശിക നിലനിൽക്കുന്നു - മുറി ഒഴിഞ്ഞു കിടക്കുന്നു | 1-19 |
| 39 | മരങ്ങളുടെ ലേലം നടത്തിയിട്ടില്ല | 1-20 |
| 40 | എഫ് ഡി റ്റി തുക സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിലേക്ക് അടവാക്കിയിട്ടില്ല | 1-21 |
| 41 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-22 |
| 42 | പേവിഷ പ്രതിരോധ പരിപാടി- വാക്സിനേഷൻ നൽകിയ നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല | 1-23 |
| 43 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം | 1-24 |
| 44 | ഇടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല | 1-25 |
| 45 | 2019-ശമ്പള പരിഷ്കരണ കുടിശിക തുക സർക്കാർ ഉത്തരവ് മറികടന്ന് അനുവദിച്ചു | 1-26 |
| 46 | വാട്ടർ അതോറിറ്റി തിരികെ അടവാക്കിയ 1,033,539/- രൂപയുടെ മുൻകൂർ തുക കൃത്യമായി ക്രമീകരിച്ചില്ല | 1-27 |
| 47 | ലൈബ്രറി സെസ്സ് അടവാക്കിയതിന് കൈപ്പറ്റ് രസീത് ലഭ്യമായില്ല | 1-28 |
| 48 | കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് സൂക്ഷിക്കാതെ അവധി സറണ്ടർ അനുവദിക്കുന്നു | 1-29 |

| | | |
|---|---|---|
| 49 | പഞ്ചായത്ത് ഫണ്ടിലുള്ള ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ നീക്കിയിരിപ്പിൽ അവ്യക്തത | 1-30 |
| 50 | മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശം സൂക്ഷിച്ചിട്ടില്ല-കണക്കുകളിൽ അവ്യക്തത | 1-31 |
| 51 | പ്രൊജക്ട് ഫയലുകൾ കൃത്യമായി പരിപാലിക്കുന്നില്ല | 1-32 |
| 52 | മാതൃകാ കൃഷിഭവൻ കെട്ടിട നിർമ്മാണം- എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ടിന്റെ ലഭ്യത വ്യക്തമാക്കിയില്ല | 1-33 |
| 53 | ആസ്തിരജിസ്റ്റർ കാലികമാക്കൽ - പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല | 1-34 |
| 54 | ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-35 |
| 55 | എൽഇഡി ലൈറ്റ്, ബൾബ് ഹോൾഡർ ,ഷെയ്ഡ് വാങ്ങി സ്ഥാപിക്കൽ- ടെൻഡർ നടപടിക്രമങ്ങളിൽ അപാകത | 1-36 |
| 56 | പഞ്ചായത്ത് ഓഫീസ് സെർവർ, കമ്പ്യൂട്ടർ &യുപിഎസ് എഎംസി- ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമായില്ല | 1-37 |
| 57 | നിക്ഷേപപ്രവൃത്തികൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-38 |
| 58 | കൂാക്കുഴി ടോപ്പ് കുടിവെള്ളപദ്ധതി പൂർത്തീകരണം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-39 |
| 59 | ജിഎസ് ടി കോമ്പൻസേഷൻ- അധികനിരക്ക് നൽകി | 1-40 |
| 60 | പി വി സി വാട്ടർ ടാങ്ക് - പട്ടികജാതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-41 |
| 61 | സമാനസ്വഭാവമുള്ള ബോധവത്കരണ പ്രോജക്ടുകൾ വ്യത്യസ്ത പ്രോജക്ടുകളായി നടപ്പാക്കി | 1-42 |
| 62 | "ഞങ്ങളും കൃഷിയിലേയ്ക്ക് "- പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമല്ല. | 1-43 |
| 63 | ഗ്രാമപഞ്ചായത്തിനെ ഒറ്റയൂണിറ്റായി പരിഗണിക്കാതെ പ്രോജക്ടുകൾ നടപ്പാക്കുന്നു | 1-44 |
| 64 | പുതിയ ശുചിമുറി നിർമ്മാണം - രേഖകൾ ലഭ്യമായിട്ടില്ല | 1-45 |
| 65 | സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം - രേഖൾ ലഭ്യമായിട്ടില്ല | 1-46 |
| 66 | ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-47 |
| 67 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താവ് പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-48 |
| 68 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല | 1-49 |
| 69 | ജന്റർ റിസോഴ്സ് സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-50 |
| 70 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പ് നൽകി | 1-51 |
| 71 | വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ - സ്ഥാപനത്തിന് തുക ലഭിച്ചില്ല | 1-52 |
| 72 | കന്നുകുട്ടി പരിപാലനം-ഗുണഭോക്താവ് കാലിത്തീറ്റ വാങ്ങുന്നില്ല-വിനിയോഗ | 1-53 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | |
| 73 | ഹോമിയോ ആശുപത്രിയിലേക്ക് പ്രോജക്റ്റ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായില്ല | 1-54 |
| 74 | KURDFC വായ്പ ബാധ്യതയിൽ അധികരിച്ച് 524,500/- രൂപ തിരികെ അടവാക്കി | 1-55 |
| 75 | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ അകാരണമായ കാലതാമസം- കരാർ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-56 |
| 76 | ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു- സർക്കാർ ഫണ്ടിന് നഷ്ടം | 1-57 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11/07/2023 തീയതിയിലെ 6 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 24/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-4 ബാങ്ക് അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിൽ മുൻവർഷ നീക്കിയിരിപ്പിൽ നിന്ന് വ്യത്യാസം

2022-23 വർഷം ILGMS ആരംഭിച്ച 01/04/2022 ലെ Initial Balance Sheet മുൻവർഷത്തെ Closing Balance Sheet ലെ ആസ്തി-ബാധ്യത മൂല്യവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. 31/03/2022 ലെ MN Scheme SCB എന്ന ബാങ്ക് അക്കൗണ്ടിലെ 45,498/- രൂപ നീക്കിയിരിപ്പ് 01/04/2022 ലെ Initial Balance Sheet-ൽ ഉൾപ്പെട്ടിട്ടില്ല. 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ട് ശീർഷകത്തിലെ 4,231,654/- ആയിരുന്ന നീക്കിയിരിപ്പ് 01/04/2022 ലെ Initial Balance Sheet-ൽ 5,772/- രൂപ കൂടുതലായി 4,237,426/- രൂപയാണ് നീക്കിയിരിപ്പ് കാണുന്നത്. ബാങ്ക് അക്കൗണ്ട് ശീർഷകങ്ങളിലെ അപാകത മൂലം 31/03/2022 ലെ Cash & Bank നീക്കിയിരിപ്പിൽ 39,726/- രൂപ കുറവായിട്ടാണ് 01/04/2022 ലെ Initial Balance Sheet-ൽ അക്കൗണ്ട് ചെയ്യപ്പെട്ടത്. ആയതിനാൽ 01/04/2022 ൽ ILGMS ആരംഭിച്ചപ്പോൾ അക്കൗണ്ടിങ്ങ് തുടർച്ച (Accounting Continuity) നഷ്ടപ്പെട്ടതായി കാണുന്നു.

1-1-5 ജനറൽ ഫണ്ട് മുന്നിരിപ്പിൽ മുൻവർഷ നീക്കിയിരിപ്പിൽ നിന്ന് വ്യത്യാസം

31/03/2022 ലെ ജനറൽ ഫണ്ട് 3,782,286/- രൂപയായിരുന്നത് 6,988,862/- രൂപയാണ് 01/04/2022 ലെ Initial Balance Sheet-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. 31/03/2022 ലെ ആകെ ജനറൽ ഫണ്ട് 7,016,588/- രൂപയായിരുന്നത് 27,726/- രൂപ കുറവായിട്ടാണ് 01/04/2022 ലെ Initial Balance Sheet-ൽ ഉൾപ്പെട്ടിരിക്കുന്നത്.

1-1-6 ഗ്രാന്റ് മുന്നിരിപ്പിൽ മുൻവർഷ നീക്കിയിരിപ്പിൽ നിന്ന് വ്യത്യാസം

31/03/2022 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ 320100199 ശീർഷകത്തിലെ നീക്കിയിരിപ്പ് 12,000/- രൂപയിൽ 7,500/- രൂപ മാത്രമാണ് 01/04/2022 ലെ Initial Balance Sheet-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. 4,500/- രൂപയുടെ വ്യത്യാസം കാണുന്നു.

1-1-7 സ്ഥിരനിക്ഷേപം അക്കൗണ്ട് ചെയ്തതിൽ 109,169/- രൂപയുടെ കുറവ്

31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 420800101 ശീർഷകത്തിലെ സ്ഥിരനിക്ഷേപ തുക 1,302,716/- രൂപ പഞ്ചായത്തിൽ ലഭ്യമായ സ്ഥിരനിക്ഷേപ അക്കൗണ്ടുകളിലെ നിക്ഷേപത്തിൽ നിന്നും

109,169/- രൂപ കുറവായിട്ടാണ് അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നത്. പഞ്ചായത്തിന്റെ യഥാർത്ഥ സ്ഥിര നിക്ഷേപ മൂല്യം 31/03/2023-ൽ 1,411,885/- രൂപയാണ് എന്ന് ബാങ്ക് രേഖകൾ വ്യക്തമാക്കുന്നു.

1-1-8 ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ വരവ്-ചെലവ് അക്കൗണ്ട് ചെയ്തില്ല

ചെലവ് പത്രിക പ്രകാരം ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ 2,978,789/- രൂപയുടെ വരവും പ്രോജക്ട് ചെലവും ധനകാര്യ പത്രികയിൽ ഉൾപ്പട്ടിട്ടില്ല. പ്രോജക്ട് പ്രകാരമുള്ള വരവ്-ചെലവ് ഇടപാട് അക്കൗണ്ട് ചെയ്യാതിരുന്നതിനാൽ Accounting Omission സംഭവിച്ചതായി കാണുന്നു.

1-1-9 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും /ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല.

1-1-10 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിവരം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ച് ക്രമീകരിക്കൽ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ Capital Work In Progress ശീർഷകത്തിലെ മുന്നിരിപ്പ്, ക്രമീകരണം, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-11 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 38.73 ലക്ഷം രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ (Depreciation Calculation Sheet) സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

1-1-12 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

1-1-13 അക്രൂവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

അക്രൂവൽ വരവുകളായ കെട്ടിട വാടക, തൊഴിൽ നികുതി(സ്ഥാപനം, ട്രേഡർ, ലൈസൻസ്) എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻകൂറായി ലഭിക്കുന്ന അക്രൂവൽ വരവുകളുടെ ക്രമീകരണവും ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തുന്നില്ല. അക്രൂവൽ വരവുകളുടെ ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഓഡിറ്റ് സമയത്ത് സെക്രട്ടറി തയ്യാറാക്കി ലഭ്യമാക്കിയ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ധനകാര്യ പത്രികയിലെ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല. അക്രൂവൽ വരവുകളുടെ ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി ക്ലോസ് ചെയ്ത് ഡി.സി.ബി. തയ്യാറാക്കാതെയാണ് ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കുന്നത്.

1-1-14 എൻഡോവ്മെന്റ് നിക്ഷേപ പലിശ പിൻവലിച്ചത് വരവായി അക്കൗണ്ട് ചെയ്തില്ല

തൻവർഷം പിൻവലിക്കപ്പെട്ട എൻഡോവ്മെന്റ് നിക്ഷേപത്തിലെ(കാഞ്ഞിരമറ്റം SCB നം.3076,17629) പലിശ 3,925/- രൂപ വരവായി അക്കൗണ്ട് ചെയ്തിട്ടില്ല. 3076 നം. അക്കൗണ്ടിൽ നിന്ന് തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത 1,900/- രൂപ വരുമാനമായി ജേർണൽ വൗച്ചറിലൂടെ അക്കൗണ്ട്

ചെയ്തിരിക്കുന്നു. 17629 നം. അക്കൗണ്ടിൽ നിന്ന് ലഭിച്ച 2,025/- രൂപയുടെ പിൻവലിക്കൽ അക്കൗണ്ട് ചെയ്തിട്ടില്ല. എൻഡോവ്മെന്റ് നിക്ഷേപത്തിന്റെ പലിശ തനത് ഫണ്ടിലേക്ക് ലഭിക്കുന്നത് വരവ് രസീതായി (Receipt Voucher) അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

### 1-1-15 ട്രേഡർ/സ്ഥാപനം എന്നിവയുടെ തൊഴിൽ നികുതി കൃത്യമായ ശീർഷകങ്ങളിൽ ഡിമാന്റ് അക്കൗണ്ട് ചെയ്തില്ല

ട്രേഡർ, സ്ഥാപനം എന്നിവയുടെ തൊഴിൽ നികുതി കൃത്യമായ അക്രുവൽ ആസ്തി ശീർഷകങ്ങളിൽ ഡിമാന്റ് അക്കൗണ്ട് ചെയ്ത് നികുതി ഒടുക്ക് അക്കൗണ്ട് ചെയ്തിട്ടില്ല. കൃത്യമായ ഡേററാബേസ് തയ്യാറാക്കി സെക്രട്ടറി വാർഷിക ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല. ആധികാരിക രേഖകൾ ഇല്ലാതെയാണ് ഡിമാന്റ് അക്കൗണ്ട് ചെയ്തത്. Institution, Professional, Trader ശീർഷകങ്ങളിൽ കൃത്യമായി വേർതിരിക്കാതെ ആധികാരികമല്ലാത്ത ഡിമാന്റ് തുക അക്കൗണ്ട് ചെയ്തു.

### 1-1-16 വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന നിക്ഷേപത്തിന്റെ കണക്കുകളിൽ അവ്യക്തത

വാർഷിക കണക്കുകളിൽ വിവിധ ഏജൻസികളിലെ നിക്ഷേപത്തിന്റെ ആധികാരികത വ്യക്തമാക്കേണ്ട അടിസ്ഥാന രജിസ്റ്ററായ Advance Register-ൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്തിട്ടില്ല. കേരള വാട്ടർ അതോറിററിയിലെ നിക്ഷേപത്തിൽ 1,033,539/- രൂപ ചെലവഴിക്കാതെ തിരിച്ചടച്ചിരുന്നു. എന്നാൽ മുൻകൂർ ശീർഷകത്തിൽ ക്രമീകരിക്കാൻ അവശേഷിച്ചിരുന്നത് 286,947/- രൂപ മാത്രമായിരുന്നു. മുൻവർഷങ്ങളിലെ നിക്ഷപ തുകകൾ മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല എന്നതാണ് മേൽ ഇടപാടിലൂടെ വ്യക്തമാകുന്നത്. മുൻകൂർ ശീർഷകത്തിലെ അപാകത ഒഴിവാക്കാൻ 1,033,539/- രൂപ Prior Period ആയി ജേർണൽ വൗച്ചറിലൂടെ ക്രമീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. മുന്നിരിപ്പ് കൃത്യമാക്കി മുൻകൂർ രജിസ്റ്ററിലെ മുന്നിരിപ്പ് ഡേറ്റ് കൃത്യമാക്കിയ ശേഷം അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-17 Prior Period ആയി ക്രമീകരിച്ച വരവുകളുടെ ആധികാരികത വ്യക്തമല്ല

മുൻവർഷ വരവായി ക്രമീകരിക്കപ്പെട്ട 623,039/- രൂപയുടെ ആധികാരിത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. Prior Period ഇനങ്ങളുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടായി ധനകാര്യ പത്രികയോടൊപ്പം ലഭ്യമാക്കേണ്ടതായിരുന്നു.

### 1-1-18 തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് നേരിട്ടുള്ള ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല

തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് 460500801 ശീർഷകത്തിൽ ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല. മുൻകൂറായി നൽകുന്ന തുക ജേർണൽ വൗച്ചറിലൂടെ Payable ആയി മാറ്റിയ ശേഷമാണ് ചെലവ് അക്കൗണ്ട് ചെയ്യുന്നത്. മുൻകൂറുകൾ നൽകുന്നത് നേരിട്ടുള്ള ചെലവായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

### 1-1-19 വസ്തുനികുതി വേക്കൻസി റമിഷൻ അക്കൗണ്ട് ചെയ്യുന്നില്ല

വസ്തുനികുതി വേക്കൻസി റമിഷൻ അനുവദിച്ച 3,211/- രൂപ ഡിമാന്റിൽ നിന്നും ക്രമീകരിച്ച് അക്കൗണ്ട് ചെയ്തിട്ടില്ല. വേക്കൻസി റമിഷൻ ജേർണൽ വൗച്ചറിലൂടെ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.03.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 14604275.00 | 5708789.00 |
| വരവ് | 149776000.00 | 117388090.00 |

| | | |
|---|---|---|
| ആകെ | 164380275.00 | 123096879.00 |
| ചെലവ് | 153538400.00 | 117361730.00 |
| നീക്കിയിരിപ്പ് | 10841875.00 | 5735149.00 |

## 1-3 സാമ്പത്തിക വിശകലനം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷമുള്ള വരവ്/ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 11,933,298/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 29,136,146/- |
| ആകെ | 41,069,444/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 28,170,141/- |
| നീക്കിയിരിപ്പ് (31/03/2023) | 12,899,303/- |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 110,416,875/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 112,694,841/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 2,277,966/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 623,039/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 2,901,005/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2780635/- |

## 1-4 ഗ്രാന്റ് വിനിയോഗം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളത് പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 13,903,000/- | 13,903,000/- | 12,831,621/- | 1,071,379/- | 92.29 |
| വികസന ഫണ്ട്-SCSP | 0 | 2,493,000/- | 2,493,000/- | 2,492,923/- | 77/- | 99.99 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 4,231,654/- | 2,614,738/- | 6,846,392/- | 1,093,669/- | 5,752,723/- | 15.97 |
| ധനകാര്യ കമ്മീഷൻ | 0 | 4,425,833/- | 4,425,833/- | 2,133,423/- | 2,292,410/- | 48.20 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-Tied | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 8,048,000/- | 8,048,000/- | 2,158,662/- | 5,889,338/- | 26.82 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4,909,000/- | 4,909,000/- | 3,578,581/- | 1,330,419/- | 72.9 |
| SSA ഫണ്ട് | 68,219/- | 1,859/- | 70,078/- | 0 | 70,078/- | - |
| ICDS ഫണ്ട് | 140,238/- | 915,488/- | 1,055,726/- | 575,000/- | 480,726/- | - |
| സാക്ഷരത ഫണ്ട് | 1,925/- | 77/- | 2,002/- | 0 | 2,002/- | - |
| Solid Waste(M) Fund | 25,520/- | 0 | 25,520/- | 0 | 25,520/- | - |
| കുടിവെള്ള ഗ്രാന്റ് | 10,000/- | 0 | 10,000/- | 0 | 10,000/- | - |
| State Fund | 198,584/- | 0 | 198,584/- | 0 | 198,584/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 617,970/- | 617,970/- | 617,970/- | 0 | - |
| Total Sanitation | 134,758/- | 0 | 134,758/- | 134,758/- | 0 | |
| Health Grant-1 | 0 | 137,158/- | 137,158/- | 135,000/- | 2,158/- | - |
| Health Grant-2 | 0 | 269,083/- | 269,083/- | 264,733/- | 4,350/- | - |
| Other Grant | 3,112/- | 0 | 3,112/- | 0 | 3,112/- | - |
| ഗുണഭോക്തൃ വിഹിതം | 437,021/- | 192,994/- | 630,015/- | 547,595/- | 82,419/- | - |
| Epidemic Control | 35,000/- | 0 | 35,000/- | 0 | 35,000/- | - |

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 13,903,000/- | ഇല്ല | 13,903,000/- | 235/23-335,800/-<br>249/23-335,800/-<br>259/23-335,800/-<br>256/23-352,522/-<br>252/23-352,523/-<br>ആകെ-1,712,445/- | 12,190,555/- |
| വികസന ഫണ്ട്- | 2,493,000/- | ഇല്ല | 2,493,000/- | 258/23-113,032/-<br>262/23-113,031/- | 2,266,937/- |

| | | | | | |
|---|---|---|---|---|---|
| SCSP | | | | ആകെ-226,063/- | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 2,418,000/- | 29,169/- പലിശ- 167,569/- | 2,614,738/- | ഇല്ല | 2,614,738/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 3,626,000/- | 799,833/- | 4,425,833/- | ഇല്ല | 4,425,833/- |

ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 8,045,133/- രൂപയിൽ 7,223,414/- രൂപ ബാങ്കിൽ(South Indian Bank Account No.0281053000014516) നീക്കിയിരിപ്പായി അവശേഷിക്കുന്നു. ക്യാരി ഓവർ വിഹിതം ട്രഷറി അലോട്ട്മെന്റായി ലഭിച്ച 829,002/- രൂപയിൽ (Untied-29,169/-, Tied-799,833/-) ചെലവഴിക്കാത്ത 738,245/- രൂപയാണ്(Untied-412/-, Tied-737,833/-) പഞ്ചായത്തിന് ലാപ്സായത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 167,569/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
3. ഗുണഭോക്തൃ വിഹിതം തൻവർഷം ചെലവഴിച്ചതായി ബാധ്യത കുറവ് ചെയ്തത് 547,595/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം ചെലവ് 110,575/- രൂപയാണ്. 437,020/- രൂപ ഗുണഭോക്തൃ വിഹിതം ബാധ്യത ക്രമീകരിച്ച് ഒഴിവാക്കിയതിന്റെ ആധികാരികത വ്യക്തമല്ല.
4. ശുചിത്വ മിഷൻ ഗ്രാന്റ്, Total Sanitation എന്നീ ഗ്രാന്റുകളുടെ ആകെ ചെലവായി ബാധ്യത കുറവ് ചെയ്തത് 752,728/- രൂപയാണ്. എന്നാൽ ചെലവ് പത്രികയിൽ 37/23, 17/23 എന്നീ ശുചിത്വ പ്രോജക്ടുകൾക്ക് ഗ്രാന്റ് ചെലവ് 336,000/- രൂപയാണ്. 416,728/- രൂപയുടെ ബാധ്യത ക്രമീകരിച്ചതിന്റെ ആധികാരികത വ്യക്തമല്ല.
5. പ്രോജക്ട് നം.229/23, 228/23 പ്രകാരം ഹെൽത്ത് ഗ്രാന്റ് ചെലവ് കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവായി സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ആകെ പ്രോജക്ട് ചെലവിൽ ടി ഫണ്ട് ചെലവ് ഉൾപ്പെട്ടിട്ടുണ്ട്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 23-02-2023ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(4).-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 53 സ്പിൽഓവർ പ്രോജക്ടുകളും 154 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 207 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ

ആകെ അടങ്കൽ 9,56,25,259/-രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 10-05-2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 16-05-2022 |
| ഗ്രാമസഭ | 21-05-2022 മുതൽ 29-5-22 |
| വികസനസെമിനാർ | 09-06-2022 |
| പദ്ധതി അന്തിമമാക്കൽ- ജനറൽ കമ്മറ്റി അംഗീകാരം | 23-02-2023 |

<u>പദ്ധതിനിർവ്വഹണം</u>

അംഗീകാരം ലഭിച്ച 207 പ്രോജക്ടുകളിൽ 137 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 3,13,98,419/- രൂപയാണ്. ചെലവ് 33%.

<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>

പദ്ധതിനിർവ്വഹണചുമതല 12 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം/ നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10/10 | 36,90,473/- | 15,31,945/- | 41.51 |
| 2 | വെറ്ററിനറി സർജൻ | 10/9 | 22,96,000/- | 15,56,261/- | 67.78 |
| 3 | മെഡിക്കൽ ഓഫീസർ (PHC) | 11/11 | 21,87,733/- | 20,30,238/- | 92.8 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 4/4 | 150,000/- | 1,43,821/- | 95.88 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 6/6 | 7,43,200/- | 7,33,174/- | 98.65 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20/16 | 3,84,68,849/- | 72,11,937/- | 18.75 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9/7 | 47,98,230/- | 37,41,652/- | 77.98 |
| 8 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 43/28 | 1,30,45,716/- | 61,18,345/- | 46.9 |
| 9 | അസിസ്റ്റന്റ് എൻജിനീയർ(LI & EW) | 82/36 | 2,77,77,600/- | 63,76,420/- | 22.96 |
| 10 | ഹെഡ്മാസ്റ്റർ | 5/5 | 4,81,458/- | 4,77,211/- | 99 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1/1 | 14,00,000/- | 11,71,057/- | 83.65 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 6/4 | 5,86,000/- | 3,06,358/- | 52.28 |
| | ആകെ | 137/ 207 | 9,56,25,259/- | 3,13,98,419/- | 32.83 |

<u>വാർഷികപദ്ധതി വിലയിരുത്തൽ</u>

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്ക് 18.75% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വൻതുകകൾ ലോൺ ,സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ചെലവഴിച്ചിരുന്നില്ല. പ്രൊ.നം 34/23 ലൈഫ് പദ്ധതി(ജനറൽ) പ്രകാരം70,60,000/-അടങ്കലായി പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നെങ്കിലും തുക

ചെലവഴിച്ചിരുന്നില്ല. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്ന പ്രൊജക്ടുകൾ പ്രകാരം ചെലവഴിച്ച ഗുണഭോക്തൃവിഹിതത്തിന്റെ വിവരങ്ങൾ സുലേഖചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി.

സഞ്ചിതനിധിയിലേയ്ക്ക് 82 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 10,71,379/- |
| വികസന ഫണ്ട്-SCSP | 77/- |
| മെയിന്റനൻസ്ഗ്രാന്റ്-Road | 58,89,338/- |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 13,30,419/- |
| ആകെ | 82,91,213/- |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.കൂടാതെ പ്രോജക്ടുകളുടെ ഭാഗമായി വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-2023 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, ഓഡിറ്റ് വർഷം സാങ്കേതിക അനുമതി ലഭിച്ച 156 പ്രോജക്ടുകളിൽ, 128 എണ്ണം തൻവർഷം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 25140 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 348 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ, മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2022-2023 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 8686.70 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 14830846.00 | |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 2213509.00 | |
| ആകെ വരവ് | | | 17053041.70 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 7824035.00 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1359571.00 | |
| | ഉപകരണങ്ങളുടെ വില, വാടക | 5647240.00 | |

| | | | |
|---|---|---|---|
| | ഭരണച്ചെലവുകൾ | 2218487.00 | |
| ആകെ ചെലവ് | | | 17049333.00 |
| നീക്കിയിരിപ്പ് | | | 3708.70 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 38265200 | 1851 |
| കർഷക തൊഴിലാളി പെൻഷൻ | 1970000 | 198 |
| വിധവ പെൻഷൻ | 6591400 | 621 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതരായ സ് പെൻഷൻ | 596200 | 56 |
| വികലാംഗ പെൻഷൻ | 5948000 | 277 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2023 ന് 3.00 പി എം ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1882/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓഡിറ്റ് വർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗനടപടികൾ ശരിയായ രീതിയിൽ മിനിട്സ് ചെയ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി

സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/07/2022 | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 04/12/2017-07/12/2017 | 2009-10 മുതൽ 2013-14 വരെ | LBA(HQ)II/8A-2297/28 Dated 15/06/2015 |

1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67394304229 നം. എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. എന്നാൽ ടി വരവുകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് IKM അക്കൗണ്ടിൽ നിന്നും ലഭിക്കുന്നതിന് മാസങ്ങളുടെ കാലതാമസം കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്നും എന്നാണ് തുക അക്കൗണ്ടിലേക്ക് വരവ് വന്നതെന്നും ട്രേസ് ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (32/21.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വരവ് ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 പഞ്ചായത്ത് ഫണ്ടിലുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 392,292/- രൂപ വിവിധ നിക്ഷേപങ്ങളായി പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചത് ബാധ്യതയായി അവശേഷിക്കുന്നു. 2022-23 ലെ Deposit Register പ്രകാരം തൻവർഷ മുന്നിരിപ്പായുള്ള നിക്ഷേപങ്ങളിൽ 2015, 2016, 2017 വർഷങ്ങൾ മുതൽ ലഭ്യമായവ ഉള്ളതായി കാണുന്നു. രജിസ്റ്ററിൽ തുക ഒടുക്കിയതിന്റെ ഉദ്ദേശ്യവും പ്രോജക്ട് പൂർത്തീകരണ വിവരവും ചേർക്കുന്നില്ല. പ്രോജക്ടിന്റെ അല്ലെങ്കിൽ ലേലം പോലെയുള്ള ഇടപാടിന്റെ പൂർത്തീകരണം മുതൽ 3 വർഷത്തിന് ശേഷവും ക്ലെയിം ചെയ്യപ്പെടാത്ത നിക്ഷേപങ്ങൾ വാടക നിക്ഷേപം(Rent Deposit) ഒഴികെയുള്ളവ ഭരണസമിതിയുടെ അനുമതിയോടെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാമായിരുന്നു.

Deposit Register-ൽ നിക്ഷേപങ്ങളുടെ മുന്നിരിപ്പിൽ നിക്ഷേപം ഒടുക്കിയത് സംബന്ധിച്ച മുഴുവൻ വിശദാംശവും രേഖപ്പെടുത്താതിരുന്നതിനും കാലഹരണപ്പെട്ടവ മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാതെ തുടരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/2022-23/18-10-2023) നൽകിയതിന് കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകി. Deposit Register സൂക്ഷിപ്പിലെ അപാകത പരിഹരിച്ച് കാലഹരണപ്പെട്ടവ ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടിയ ശേഷം വിവരം രജിസ്റ്ററിൽ

സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിക്ഷേപം മുതൽക്കൂട്ടിയ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ്, രജിസ്റ്ററിലെ രേഖപ്പെടുത്തൽ, നിക്ഷേപം മുതൽക്കൂട്ടിയ ഇടപാടുകളുടെ ജേർണൽ വൗച്ചർ നം./തീയതി എന്നിവ മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-13 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്.
വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് അകലക്കുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതി 20/04/2023 ലെ 1(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 24/04/2023 ലെ എസ്.സി.3/3283/23 നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട്(പത്രമാധ്യമത്തിൽ ഉൾപ്പടെ). ആക്ഷേപങ്ങൾ സ്വീകരിച്ച് നികുതി നിരക്കുകൾ 27/09/2023 ലെ എസ്.സി.3/09/23 പ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. നികുതി പരിഷ്കരണ നടപടികൾ സോഫ്റ്റ് വെയറിൽ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്.
നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ് (Institution List) പ്രകാരം 95 സ്ഥാപനങ്ങളെ ലിസ്റ്റ് ചെയ്തിരിക്കുന്നത്. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 63 സ്ഥാപനങ്ങളിലെ ജീവനക്കാർ 930,890/- രൂപയാണ് നികുതി ഒടുക്കിയത്. മുൻകാല നികുതി ഒടുക്കിയതും കൂടി തൻവർഷ കളക്ഷനായി രേഖപ്പെടുത്തിയതിനാൽ ധനകാര്യ പത്രിക പ്രകാരം 1,063,070/- രൂപയാണ് നികുതി വരുമാനം. ജീവനക്കാരുടെ നികുതി ഒടുക്കിയ 63 സ്ഥാപനങ്ങളിൽ 6 എണ്ണം ഒരു അർദ്ധവർഷത്തെ മാത്രമാണ് ഒടുക്കിയത്. 32 സ്ഥാപനങ്ങളിലെ ജീവനക്കാർ നികുതി ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ലിസ്റ്റ് | സ്ഥാപനത്തിന്റെ പേര് (Institution List പ്രകാരം) | 2022-23 നികുതി ഒടുക്കാത്ത |
|---|---|---|---|

| | ക്രമ നം. | | കാലയളവ് |
|---|---|---|---|
| 1. | 12 | ITDP Sub Centre, മൂഴൂർ | 1-ാം അർദ്ധവർഷം |
| 2. | 48 | Sub Post Office, പാദുവ | 1-ാം അർദ്ധവർഷം |
| 3. | 51 | Sub Post Office, മറ്റക്കര | 2-ാം അർദ്ധവർഷം |
| 4. | 54 | Supplyco Maveli Store, മറ്റക്കര | 1-ാം അർദ്ധവർഷം |
| 5. | 55 | Toms College Of Engineering, മറ്റക്കര | 1-ാം അർദ്ധവർഷം |
| 6. | 59 | Visweshwarayya Institution, മറ്റക്കര | 2-ാം അർദ്ധവർഷം |
| 7. | 53 | Supplyco Maveli Store, കാഞ്ഞിരമറ്റം | ഒടുക്കിയിട്ടില്ല |
| 8. | 36 | Ganesh Indane Service, തറക്കുന്ന് | ഒടുക്കിയിട്ടില്ല |
| 9. | 61-71 | റേഷൻ കടകൾ - 11 എണ്ണം | ഒടുക്കിയിട്ടില്ല |
| 10. | 72-81, 86 | കള്ള് ഷാപ്പുകൾ- 11 എണ്ണം | ഒടുക്കിയിട്ടില്ല |
| 11. | 82-84 | ക്ഷീര സംഘങ്ങൾ- കരിമ്പാനി, കാഞ്ഞിരമറ്റം, ചെങ്ങളം | ഒടുക്കിയിട്ടില്ല |
| 12. | 87 | കുഴിമറ്റം ഫിനാൻസ്, മണൽ | ഒടുക്കിയിട്ടില്ല |
| 13. | 88 | ചെരിപ്പുറത്ത് കാർഷിക നഴ്സറി | ഒടുക്കിയിട്ടില്ല |
| 14. | 89 | റബ്ബർ മാർക്ക്, പൂവത്തിളപ്പ് | ഒടുക്കിയിട്ടില്ല |
| 15. | 90 | വെൽബോർ ഇന്റർനാഷണൽ, ചെങ്ങളം | ഒടുക്കിയിട്ടില്ല |
| 16. | 91 | ഗോമ്മാ വുഡ് വർക്ക്സ്, മഞ്ഞാമറ്റം | ഒടുക്കിയിട്ടില്ല |
| 17. | 92 | കെ.എസ്.ഇ.ബി. ചെങ്ങളം | ഒടുക്കിയിട്ടില്ല |
| 18. | 93 | നൻമ വുഡ് വർക്ക്സ്, കാഞ്ഞിരമറ്റം | ഒടുക്കിയിട്ടില്ല |
| 19. | 94 | തറക്കുന്ന റബ്ബർ പ്രോഡ്യൂസർ സൊസൈറ്റി | ഒടുക്കിയിട്ടില്ല |
| 20. | 95 | പൂവത്തുങ്കൽ ബാങ്കേഴ്സ്, ചെങ്ങളം | ഒടുക്കിയിട്ടില്ല |

ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനം ആയതിനാൽ നികുതി ഒടുക്കാതിരുന്നത് പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടത്തിന് ഇടയാക്കി. മുൻവർഷ നികുതിയായി

ഒടുക്കിയ 132,180/- രൂപ തൻവർഷ നികുതി ശീർഷകത്തിൽ വരവായി ചേർത്തത് അക്കൗണ്ടിങ്ങ് അപാകതയാണ്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.25/2022-23/20-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

മേൽവിവരിച്ച 38 എണ്ണം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി നിലവിൽ 2023-24 വർഷം Prior Period Tax ശീർഷകത്തിൽ അടവാക്കേണ്ടതാണ്. നികുതി ഒടുക്ക് പൂർത്തിയായ ശേഷം ആയതിന്റെ വിശദമായ പത്രിക(Tax Collection Statement) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയും Prior Period Tax ശീർഷകത്തിന്റെ ലെഡ്ജറും മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ജീവനക്കാരുടെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷ കാലയളവിലേത് മാത്രം Profession Tax (Employees) ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതും മുൻവർഷങ്ങളിലെ നികുതി Prior Period Tax ശീർഷകത്തിൽ മാത്രം വരവ് അക്കൗണ്ട് ചെയ്യാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ഏജൻസികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് 2022-23 തൊഴിൽ നികുതി രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ ലിസ്റ്റിന്റെ ഇൻഡക്സിൽ നിന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ലിസ്റ്റ് ചെയ്ത 95 സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടാതെ അകലക്കുന്നം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു(ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തത്).

| ക്രമനം. | വാർഡ് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1. | VI | അക്ഷയ സെന്റർ(K050127), പൂവത്തിളപ്പ് |
| 2. | VI | CSC ഡിജിറ്റൽ സേവ കേന്ദ്രം, പൂവത്തിളപ്പ് |
| 3. | VII | G & T ചിട്ടി ഫണ്ട്, കാഞ്ഞിരമറ്റം |
| 4. | VII | തകിടിപ്പുറത്ത് ചിട്ടി ഫണ്ട്, കാഞ്ഞിരമറ്റം |
| 5. | IX | കാച്ചിപ്പള്ളി ഫിനാൻസിയേഴ്സ് & ഗോൾഡ് ലോൺ, ചെങ്ങളം |
| 6. | IX | Haritha Men Labour Co-Operative Society, ചെങ്ങളം |
| 7. | XV | ഡോ. അശോക് ബാബു ഹോമിയോ ക്ലിനിക്, മണൽ |
| 8. | XV | നയന മെമ്മോറിയൽ അഡ്വാൻസ്ഡ് മെഡിക്കൽ ലാബ്, മണൽ |
| 9. | XV | നീതി സൂപ്പർ മാർക്കറ്റ് & മെഡിക്കൽ സ്റ്റോർ, മണൽ |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതായിരുന്നു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലും വരുമാന നഷ്ടമുണ്ടാവുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2022-23/18-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

മേൽവിവരിച്ച സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് പരിഷ്കരിച്ച് നികുതി ഡിമാന്റ് 2022-23 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതും ഡിമാന്റ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ടി സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ

നികുതിയും Prior Period Tax ആയി ഈടാക്കേണ്ടതാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ 2022-23 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions(Arrear) ശീർഷകത്തിലേക്ക് അക്രുവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. 2022-23 നികുതി കുടിശിക ഒടുക്കിയ രസീതുകളും പുതുക്കിയ ഡിമാന്റ് ലിസ്റ്റ്, ഡി.സി.ബി. എന്നിവ ഉൾപ്പടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

1-16 സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ് (Institution List) പ്രകാരം 95 സ്ഥാപനങ്ങളെ ലിസ്റ്റ് ചെയ്തിരിക്കുന്നതിൽ 52 എണ്ണം ടേണാവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ബാധകമായവയാണ് എന്ന് കാണുന്നു. ഇതിൽ 37 സ്ഥാപനങ്ങളുടെ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി. പ്രകാരം 15 സ്ഥാപനങ്ങളുടെ (ബാങ്കുകളുടെ ശാഖകൾ ഉൾപ്പടെ) 50,000/- രൂപയാണ് നികുതി ഡിമാന്റ്. ഡിമാന്റ് ചെയ്ത മുഴുവൻ തുകയും ലഭിച്ചതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം നികുതി കുടിശികയില്ല. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തതായി കാണുന്നു.

| ക്രമ നം. | സ്ഥാപന ലിസ്റ്റ് ക്രമ നം. | സ്ഥാപനത്തിന്റെ പേര് (Institution List പ്രകാരം) |
|---|---|---|
| 1. | 2 | അകലക്കുന്നം റൂറൽ ഹൗസിങ്ങ് സൊസൈറ്റി |
| 2. | 28 | റബ്ബർ ട്രേഡിങ്ങ് കമ്പനി, കരിമ്പാനി |
| 3. | 52,53 | Supplyco Maveli Store-മറ്റക്കര, കാഞ്ഞിരമറ്റം |
| 4. | 84 | ക്ഷീര സംഘം-ചെങ്ങളം |
| 5. | 36 | Ganesh Indane Service, തറക്കുന്ന് |
| 6. | 61-71 | റേഷൻ കടകൾ - 11 എണ്ണം |
| 7. | 72-81, 86 | കള്ള് ഷാപ്പുകൾ- 11 എണ്ണം |
| 8. | 87 | കുഴിമറ്റം ഫിനാൻസ്, മണൽ |
| 9. | 88 | ചെരിപ്പുറത്ത് കാർഷിക നഴ്സറി |
| 10. | 89 | റബ്ബർ മാർക്ക്, പൂവത്തിളപ്പ് |
| 11. | 90 | വെൽബോർ ഇന്റർനാഷണൽ, ചെങ്ങളം |
| 12. | 91 | ഗോമ്മാ വുഡ് വർക്ക്സ്, മഞ്ഞാമറ്റം |
| 13. | 92 | കെ.എസ്.ഇ.ബി. ചെങ്ങളം |
| 14. | 93 | നൻമ വുഡ് വർക്ക്സ്, കാഞ്ഞിരമറ്റം |
| 15. | 94 | തറക്കുന്ന റബ്ബർ പ്രോഡ്യൂസർ സൊസൈറ്റി |
| 16. | 95 | പൂവത്തുങ്കൽ ബാങ്കേഴ്സ്, ചെങ്ങളം |

പഞ്ചായത്ത് ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ നികുതി ഡിമാന്റിൽ ഉൾപ്പെടുത്താതിരുന്നത് പഞ്ചായത്തിന്റെ തനത് വരുമാനം നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുന്നു. നികുതി ഡിമാന്റിലെ അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.26/2022-23/20-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

മേൽവിവരിച്ച 37 എണ്ണം സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് നിലവിൽ 2023-24 വർഷം Prior Period അക്രുവൽ ഡിമാന്റായി Profession

Tax-Institution (Arrear) ശീർഷകത്തിൽ ക്രമീകരിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ നികുതി പഞ്ചായത്ത് ഫണ്ടിൽ മേൽ കുടിശിക ശീർഷകത്തിൽ അടവാക്കേണ്ടതാണ്. നികുതി അടവാക്കൽ പൂർത്തിയായ ശേഷം വിശദമായ കുടിശിക ഡി.സി.ബി. പത്രികയും ഡി.സി.ബി. സംക്ഷിപ്തവും (Arrear DCB&Arrear DCB Abstract) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

1-17 കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല

അകലക്കുന്നം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2022-23 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | കെ. എം. ജോസഫ് |
| 2. | നിധിൻ മാത്യു |
| 3. | റ്റി. ജെ. ജോസഫ് |
| 4. | അവിരാഷ് എബ്രഹാം |
| 5. | എം. എൻ. പ്രഭാകരൻ നായർ |
| 6. | തമ്പി തോമസ് |
| 7. | ജോസഫ് റ്റി. ജെ. |
| 8. | ആൽബിൻ പയസ് |
| 9. | ടോമി ജോൺ |
| 10. | ജോഷി സക്കറിയ |
| 11. | ഷെബിൻ സെബാസ്റ്റ്യൻ |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2022-23/17-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല. കരാറുകാരുടെ തൊഴിൽ നികുതി 2022-23 വർഷത്തേത് കുടിശികയായി Prior Period Tax ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

1-18 ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല

അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ ഡാറ്റയായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ 15 വാർഡുകളിലെയും ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്തിൽ ലഭ്യമായ 2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം 182 ട്രേഡർമാരാണുള്ളത്. 2022-23 ലൈസൻസ് രജിസ്റ്ററിലാണ് ട്രേഡർ തൊഴിൽ നികുതി വിവരവും ചേർക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ 15 വാർഡുകളിലെ ട്രേഡേഴ്സിന്റെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റും ട്രേഡർ തൊഴിൽ നികുതി ഡിമാന്റും നിർണ്ണയിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ്/ട്രേഡർ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നടപടികൾ മേൽപറഞ്ഞ വിധം ക്രമീകരിച്ച് അനുബന്ധരേഖകൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

1-19 വാടക - കുടിശ്ശിക നിലനിൽക്കുന്നു - മുറി ഒഴിഞ്ഞു കിടക്കുന്നു

1. അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിലെ 19 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2022-23 വർഷത്തെ കുടിശ്ശികയായി 3349 രൂ രജിസ്റ്റർ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും നിലനിൽക്കുന്നു. കുടിശ്ശിക വിവരങ്ങൾ (മുറി നം., വാടക്കാരൻ, കുടിശ്ശിക മാസങ്ങൾ എന്നിവ) ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/19.10.2023) താഴെപ്പറയുംവിധം കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | റൂം നം. | വാടകക്കാരൻ | വാടക | കുടിശ്ശിക മാസം | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 5 | ആൻസി മേരി, പഴയപ്പറമ്പിൽ | 1022 | 02/2023 – 03/2023 | 2044 |
| 2 | 4 | അഖിൽ അലക്സ് തൈക്കാവിൽ | 1059 | 03/2023 | 1059 |
| 3 | 9, 10, 14 | പ്രോജക്റ്റ് ഓഫീസർ ഐസിഡിഎസ് പാമ്പാടി | 446 | 03/2023 | 446 |
| | | ആകെ | | | 3549 |

എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം 3349 രൂപയാണ് കുടിശ്ശിക. കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. രജിസ്റ്റർ പ്രകാരം ചെങ്ങളം അനൗൺസ്മെന്റ് മുറി 2022-23 വർഷം ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ആയതിന് പ്രസ്തുത മുറിയിൽ വെള്ളം, വൈദ്യുതി എന്നിവ ലഭ്യമല്ലാത്തതിനാൽ ആരും വാടകയ്ക്ക് എടുക്കുന്നില്ലെന്ന് മറുപടി (09/19.10.2023) ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തികൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി അവയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്. സൗകര്യങ്ങൾ ഉറപ്പാക്കി മുറി വാടകയ്ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 മരങ്ങളുടെ ലേലം നടത്തിയിട്ടില്ല

1. മറ്റക്കര മണൽ എൽ പി എസിലെ വാകമരം 28.09.2022 ൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല.
2. ഭരണസമിതിയുടെ 09.02.2023 ലെ 18/1-ാം നമ്പർ തീരുമാന പ്രകാരം ഗവ. എൽ പി എസ് പരിസരത്തെ ആഞ്ഞിലി, മഴമരം – 2 എണ്ണം എന്നിവ ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തിരുന്നു.
3. ഭരണസമിതിയുടെ 15.112023 ലെ 11/2-ാം നമ്പർ തീരുമാന പ്രകാരം ചെങ്ങളം മൃഗാശുപത്രി പരിസരത്തെ വാകമരം ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തിരുന്നു.
4. ഭരണസമിതിയുടെ 15.112023 ലെ 11/4-ാം നമ്പർ തീരുമാന പ്രകാരം പാദുവ – കല്ലിട്ടുനട റോഡിലെ അപകടാവസ്ഥയിൽ നിൽക്കുന്ന 3 മരങ്ങൾ ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തിരുന്നു.

മേൽ പരാമർശിച്ചിട്ടുള്ള മരങ്ങളുടെ ലേലം/പുനർ ലേലം നടന്ന് തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/20.10.2023) മേൽ മരങ്ങളുടെ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറ്റക്കര മണൽ എൽ പി എസിലെ വാകമരം ഭീഷണിയായതിനാൽ ശിഖരങ്ങൾ വെട്ടിമാറ്റി സ്കൂൾ കോമ്പൗണ്ടിൽ

സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളായതിനാലാണ് ലേലം നടത്തുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ ലേലം നടത്താത്തത് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതാണ്. വാല്യുവേഷന് തുക കൂടുതലാണെങ്കിൽ ആയതിൻപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് കമ്മറ്റി തുകയിൽ തീരുമാനമെടുക്കാവുന്നതാണ്. ലേലം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-21 എഫ് ഡി റ്റി തുക സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിലേക്ക് അടവാക്കിയിട്ടില്ല

1. 30.08.2022 ൽ 13-ാം വാർഡിലെ കുടംപുളി മരം (ലേല തുക – 1057), 7-ാം വാർഡ് കാരിക്കാടി ഭാഗത്ത് രണ്ട് ആഞ്ഞിലി മരങ്ങൾ (ലേല തുക – 7100, 10100) എന്നിവ ലേലം ചെയ്തിരുന്നു.
2. 28.09.2022 ൽ മുഴൂർ ആയുർവേദ ആശുപത്രിക്ക് സമീപമുള്ള ആഞ്ഞിലി മരം (ലേല തുക – 22000) ലേലം ചെയ്തിരുന്നു.

മേൽ ലേലങ്ങളിലെ എഫ് ഡി റ്റി തുക ലേലം പിടിച്ചവർ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. തുകകൾ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/20.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രണ്ട് ലേലങ്ങളിലായി 2114/- രൂ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നത് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ അടവാക്കേണ്ടതാണ്.

### 1-22 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.

1. പഞ്ചായത്ത് പരിധിയിൽ 2022-23 വർഷം താഴെപ്പറയുന്ന സ്ഥാപനം രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

A) മോഡേൺ കമ്പ്യൂട്ടറൈസ്ഡ് ലാബോറട്ടറി, കാഞ്ഞിരമറ്റം
B) മോഡേൺ കമ്പ്യൂട്ടറൈസ്ഡ് ലാബോറട്ടറി, മുണ്ടൻകുന്ന്
C) മേഴ്സി ഹോസ്പിറ്റൽ, ചെങ്ങളം

2. പഞ്ചായത്ത് പരിധിയിൽ 2022-23 വർഷം താഴെപ്പറയുന്ന സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

A) നയന മെമ്മോറിയൽ അഡ്വാൻസ്ഡ് മെഡിക്കൽ ലാബോറട്ടറി
B) തേവറോലിക്കൽ ക്ലിനിക്
C) വി കെയർ മെഡിലാബ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/20.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ്, രജിസ്ട്രേഷൻ ഫീസുകൾ മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 പേവിഷ പ്രതിരോധ പരിപാടി- വാക്സിനേഷൻ നൽകിയ നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 161/22-23 |
| പ്രോജക്ടിന്റെ പേര് | പേവിഷ പ്രതിരോധ പരിപാടി |
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

| | |
|---|---|
| അടങ്കൽ | 20000, മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ചെലവ് | 15861, മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ബിൽ നം. | 11/30.03.2023 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 22.03.2023, 23.03.2023 എന്നീ തീയതികളിലായി 321 നായകൾക്ക് വാക്സിനേഷൻ നൽകിയതായി കാണുന്നു. വാക്സിനേഷൻ നൽകിയ എല്ലാ നായകൾക്കും ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. 2022-23 ൽ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 130 നായകൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളൂ. വാക്സിനേഷൻ നൽകിയ എല്ലാ നായകൾക്കും ലൈസൻസ് എടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/20.10.20203) സ്വന്തം നായയ്ക്ക് ലൈസൻസ് എടുക്കാൻ ഉദ്ദേശിക്കുന്ന ഉടമസ്ഥന് വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് എന്നുള്ളതല്ലാതെ പ്രസ്തുത ലൈസൻസ് നൽകൽ പേവിഷ പ്രതിരോധ പരിപാടി എന്ന പദ്ധതിയുടെ പരിധിയിൽ പെടുന്നതല്ല എന്നാണ് മറുപടി ഹാജരാക്കിയിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ വാക്സിനേഷൻ ലഭ്യമാക്കുകയും എന്നാൽ ലൈസൻസ് എടുക്കാതിരിക്കുകയും ചെയ്യുന്നത് ചട്ടലംഘനമായതിനാൽ വരും വർഷങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്ന നായകൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ വെറ്റിനറി സർജനുമായി ചേർന്ന് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

1-24 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം

അകലക്കുന്നം ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനഫണ്ട് വിപുലീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

<u>വസ്തുനികുതി വരവ്</u>

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>പെർമിറ്റ്</u>

ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

<u>തൊഴിൽ നികുതി വരവ്</u>

സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ തുടങ്ങുന്ന ഏതൊരു സ്ഥാപനവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം എന്ന നിയമവും ചട്ടവും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ലൈസൻസ് വരവ്

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവാക്കുന്നതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് മേൽ കർത്തവ്യം നിറവേറ്റുന്നതിൽ ഉപേക്ഷ വരുത്തുകയും ചെയ്തു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നികുതികളും ഫീസുകളും പൂർണ്ണമായി ഈടാക്കി വരുമാന ചോർച്ച ഒഴിവാക്കുന്നതിന് ജീവനക്കാരും ഭരണസമിതിയും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ഇടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രൊജക്റ്റുകളുടെ ടെൻഡർ ഫീസ് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണ്. എന്നാൽ 2019 മുതലുള്ള വർഷങ്ങളിലെ ടെൻഡർ ഫീസ് നാളിതുവരെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ടി വർഷങ്ങളിൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

11

| വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2019-20 | 49096/- |
| 2020-21 | 81283/- |
| 2021-22 | 44382/- |
| 2022-23 | 15061/- |
| ആകെ | 1,89,822/- |

2022-23 വർഷത്തേത് ഉൾപ്പടെ ഇടെൻഡർ ഫീസ് തിരികെ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയർക്ക് കത്ത് അയച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. അകലക്കുന്നം ഗ്രാമപഞ്ചായത്ത് 2023 ൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. തൻവർഷത്തെയും മുൻവർഷത്തേതുമുൾപ്പടെ വളരെയധികം തുക ജില്ലാപഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനവശേഷിക്കുന്നു. ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 2019-ശമ്പള പരിഷ്കരണ കടിശിക തുക സർക്കാർ ഉത്തരവ് മറികടന്ന് അനുവദിച്ചു

10/02/2021 ലെ G.O.(P) No.27/2021/Fin പ്രകാരമുള്ള 07/2019-02/2021 ശമ്പള പരിഷ്കരണ കടിശിക നാല് ഘട്ടങ്ങളിലായി 2023-24, 2024-25 വർഷങ്ങളിൽ 01/04/2023, 01/10/2023, 01/04/2024, 01/10/2024 തീയതികളിലാണ് ഡ്യൂ ആകുന്നത്. പഞ്ചായത്തിലെ 2022-23 വർഷം വിരമിച്ച സൂസി ജോസഫ്(സെക്രട്ടറി), അന്ന പി.എം.(പാർട്ട് ടൈം സ്വീപ്പർ) എന്നീ രണ്ട് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കടിശിക 2023-24, 2024-25 വർഷങ്ങളിൽ നൽകേണ്ടത് തൻവർഷം അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ | കടിശിക കാലയളവ്/Due | കടിശിക | അനുവദിച്ച | കാലാവധിക്ക് |
|---|---|---|---|---|

| വിവരം | Date | തുക | തുക | മുൻപ് അനുവദിച്ച തുക |
|---|---|---|---|---|
| സൂസി ജോസഫ് സെക്രട്ടറി PEN : 583016 സേവനത്തിൽ നിന്ന് വിരമിച്ചത് : 31/05/2022 | 07/2019 - 02/2021 DA (1.7.2019-31.12.2019-0% 01.01.2020-30.06.2020-4% 01.07.2020-31.12.2020-7%) | 12,732/- | 141,388/- രൂപ വൗച്ചർ നം. 22200714/ 14-02-2023 Cheque No. 6012937/ 07-02-2023 LGTSB | 141388/- നാല് ഗഡു ശമ്പള പരിഷ്കരണ കുടിശിക, ഡി എ കുടിശ്ശിക |
| | ഒന്ന് : 01/04/2023 | 32,164/- | | |
| | രണ്ട് : 01/10/2023 | 32,164/- | | |
| | മൂന്ന് : 01/04/2024 | 32,164/- | | |
| | നാല് : 01/10/2024 | 32,164/- | | |
| | ആകെ | 141,388/- | | |
| അന്ന പി. എം. പാർട്ട് ടൈം സ്വീപ്പർ PEN : 580951 സേവനത്തിൽ നിന്ന് വിരമിച്ചത് : 31/07/2022 | 07/2019 - 02/2021 DA | 3,405/- | 40,615/- വൗച്ചർ നം. 22200744/ 02-03-2023 Cheque No. 6012940/ 01-03-2023 LGTSB | 40615/- നാല് ഗഡു ശമ്പള പരിഷ്കരണ കുടിശിക |
| | ഒന്ന് : 01/04/2023 | 9,302/- | | |
| | രണ്ട് : 01/10/2023 | 9,302/- | | |
| | മൂന്ന് : 01/04/2024 | 9,302/- | | |
| | നാല് : 01/10/2024 | 9,302/- | | |
| | ആകെ | 40,615/- | | |
| ആകെ | | 182,003/- | 182,003/- | 182003/- |

സർക്കാർ നിർദ്ദേശം പാലിക്കാതെ രണ്ട് ജീവനക്കാർക്ക് 165,864/- രൂപയുടെ കുടിശിക അനുവദിച്ചത് ശമ്പള പരിഷ്കരണ ഉത്തരവിന്റെ വ്യക്തമായ ലംഘനമാണ്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.42/2022-23/25-10-2023) നൽകിയതിന് 30/04/2021 ലെ G.O.(P) No.70/2021/Fin, 05/05/2021 ലെ G.O.(P) No.70/2021/Fin എന്നീ ഉത്തരവുകളിലെ നിർദ്ദേശ പ്രകാരം വിരമിച്ച ജീവനക്കാരുടെ കുടിശിക തീർപ്പാക്കിയത് എന്നറിയിച്ചു. എന്നാൽ ടി ഉത്തരവുകളിൽ മേയ്-2021 വരെ വിരമിച്ചവരുടെ കുടിശിക തീർപ്പാക്കാനാണ് അനുമതി നൽകിയിരിക്കുന്നത്. മേൽ പറഞ്ഞ രണ്ട് ജീവനക്കാരും 2022 മേയ്, ജൂലൈ മാസങ്ങളിൽ വിരമിച്ചവരാണ്.

സർക്കാർ ഉത്തരവ് മറികടന്ന് തീർപ്പാക്കിയ വിരമിച്ച ജീവനക്കാരുടെ ക്ലെയിമുകൾ 182003/-രൂപ ക്രമീകരിച്ച നടപടി തദ്ദേശഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിരമിച്ച ജീവനക്കാർക്ക് ശമ്പള പരിഷ്കരണ, ഡി എ കുടിശ്ശിക സർക്കാർ നിർദ്ദേശമില്ലാതെ അനുവദിക്കാൻ പാടില്ല എന്നത് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറും സ്പഷ്ടീകരണം നൽകിയതാണ്. പഞ്ചായത്ത് ഭരണസമിതിയും തദ്ദേശഭരണവകുപ്പും ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് മറുപടി നൽകേണ്ടതാണ്.

1-27 വാട്ടർ അതോറിറ്റി തിരികെ അടവാക്കിയ 1,033,539/- രൂപയുടെ മുൻകൂർ തുക കൃത്യമായി ക്രമീകരിച്ചില്ല

പഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾക്ക് മുൻവർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയിൽ (KWA) നിക്ഷേപിച്ചിരുന്ന 1,033,539/- രൂപ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ തൻവർഷം തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി (30-09-2022 ലെ 120000096, 120000097 നം. രസീതുകൾ പ്രകാരം). എന്നാൽ ടി തുക ഏതെല്ലാം പ്രോജക്ടുകളുടേതാണ് എന്ന വിശദാംശം 2022-23 Advance Register ൽ മുന്നിരിപ്പ് വിശദാംശമായി രേഖപ്പെടുത്തിയിട്ടില്ല. ധനകാര്യ പത്രിക പ്രകാരം 01/04/2022 ൽ KWA യിൽ നിക്ഷേപം 286,947/- രൂപ മാത്രമാണ് മുന്നിരിപ്പ്. വാട്ടർ അതോറിറ്റി വിനിയോഗിക്കാതെ 10

ലക്ഷത്തിലധികം തിരികെ ഒടുക്കിയപ്പോൾ പഞ്ചായത്ത് നിക്ഷേപമായി അത്രയും തുക ഇല്ലാതിരുന്നത് മുൻവർഷങ്ങളിലെ അക്കൗണ്ടിങ്ങ് അപാകതയും Advance Register ൽ വിശദാംശമില്ലാത്തത് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതയുമാണ് വ്യക്തമാക്കുന്നത്. മുൻകൂർ കണക്കുകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുന്നത് 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(3)(എ) യുടെ വ്യക്തമായ ലംഘനമാണ്.

നിക്ഷേപ ശീർഷകത്തിലെ മുന്നിരിപ്പിലെ അപാകത മൂലം ടി ശീർഷകത്തിൽ നിന്നും 31-03-2023 ൽ 42201045 നം. ജേർണൽ വൗച്ചറിലൂടെ 414120008-Public Drinking Water Programmes-Pipe Line എന്ന ആസ്തി ശീർഷകത്തിലേക്ക് ക്രമീകരിച്ച് ആസ്തി കുറയ്ക്കുകയാണ് ചെയ്തത്. മുൻകൂർ നൽകിയപ്പോൾ ആസ്തി ശീർഷകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ടത് ക്രമീകരിച്ചതാണോ എന്ന് കൃത്യമായ ആസ്തി രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

പ്രോജക്ട് നടപ്പാക്കാതെ തിരിച്ചടച്ച തുക സർക്കാർ ഫണ്ട് ചെലവഴിച്ചതാണ് എങ്കിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതുമായിരുന്നു. Advance Register ൽ നിക്ഷേപ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ലാത്തതിനാൽ ഏത് ഫണ്ടാണ് പ്രസ്തുത പ്രോജക്ടുകൾക്ക് ചെലവഴിച്ചത് എന്ന് വ്യക്തമല്ല. നിക്ഷേപ പ്രോജക്ടുകളുടെ വിശദാംശം സൂക്ഷിക്കുന്നതിലെയും അക്കൗണ്ടിങ്ങിലെയും അപാകതകൾക്കും പ്രോജക്ട് ഫണ്ട് തിരിച്ചടവിലെ അവ്യക്തതയ്ക്കും കൃത്യമായ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.39/2022-23/25-10-2023) നൽകിയതിന് മറുപടി ലഭ്യമായില്ല.

വാട്ടർ അതോറിറ്റിയിലുള്ള നിക്ഷേപത്തിന്റെ 2022-23 വർഷത്തെ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത ശേഷം 1,033,539/- രൂപയുടെ തിരിച്ചടവ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് ക്രമീകരിക്കേണ്ടതാണ്. നിക്ഷപ പ്രവൃത്തികൾക്ക് ചെലവഴിച്ച ഫണ്ട് ഏതാണ് എന്ന് കണ്ടെത്തി സർക്കാർ ഗ്രാന്റ് തുക സർക്കാരിലേക്ക് നിശ്ചിത ശീർഷകങ്ങളിൽ തിരികെ അടവാക്കേണ്ടതാണ്. ഗ്രാന്റ് ചെലവ് Prior Period Expenses ൽ നിന്നും Payable ആയി ക്രമീകരിച്ച ശേഷം മാത്രം സർക്കാരിലേക്ക് ഗ്രാന്റ് തിരിച്ചടവ് നടത്തേണ്ടതാണ്. നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കിയ ശേഷം ഗ്രാന്റ് തിരിച്ചടവിന്റെ ട്രഷറി രേഖകളും 2022-23 വാട്ടർ അതോറിറ്റിയിലെ നിക്ഷേപ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

### 1-28 ലൈബ്രറി സെസ്സ് അടവാക്കിയതിന് കൈപ്പറ്റ് രസീത് ലഭ്യമായില്ല

2021-22 വർഷത്തെ ലൈബ്രറി സെസ്സ് 192,030/- രൂപ 22200574/ 13-12-2022 വൗച്ചർ പ്രകാരം ലൈബ്രറി കൗൺസിലിൽ അടവാക്കിയതിന് കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല. ലൈബ്രറി കൗൺസിലിൽ നിന്നുള്ള കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ തുക അടവാക്കലിന്റെ ആധികാരികത വ്യക്തമല്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.44/2022-23/25-10-2023) നൽകിയതിന് മറുപടി ലഭ്യമായില്ല. ലൈബ്രറി കൗൺസിലിൽ നിന്നും മേൽ തുക അടവാക്കിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കി ആയതിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

### 1-29 കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് സൂക്ഷിക്കാതെ അവധി സറണ്ടർ അനുവദിക്കുന്നു

കരാർ ജീവനക്കാർക്ക് ആർജ്ജിതാവധി 2 വർഷത്തേത് സറണ്ടർ ചെയ്ത് പണമാക്കി നൽകിയിട്ടുണ്ട്. എന്നാൽ ആർജ്ജിതാവധി അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം ആർജ്ജിതാവധി സറണ്ടർ അനുദിക്കപ്പെട്ട കരാർ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./ തീയതി | തുക | സറണ്ടർ ചെയ്ത അവധി | കരാർ ജീവനക്കാരുടെ ചെലവ് വിശദാംശം |
|---|---|---|---|
| 22200877/ 25-03-2023 | 15,730/- | 15 | അജിത്ത് സെബാസ്റ്റ്യൻ, അക്രഡിറ്റഡ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 50,187/- | 12,020/- | 15 | അഖിൽ കുമാർ സി. എ., അക്രഡിറ്റഡ് ഓവർസിയർ |
| | 12,020/- | 15 | ഷിജിമോൾ സി., അക്കൗണ്ടന്റ് ഡി.ഇ.ഓ. |
| | 10,417/- | 15 | വിദ്യാമോൾ എം. റ്റി., അക്കൗണ്ടന്റ് ഡി.ഇ.ഓ. |
| 22200841/ 25-03-2023 | 30,995/- | 30 | സന്ധ്യ ജി. നായർ, ടെക്നിക്കൽ അസിസ്റ്റന്റ് |
| 22200842/ 25-03-2023 | 10,145/- | 15 | ആഷിക് , പ്രോജക്ട് അസിസ്റ്റന്റ് |
| 22200878/ 30-03-2023 30,807/- | 12,793/- | ലഭ്യമല്ല | അജിത്ത് സെബാസ്റ്റ്യൻ, അക്രഡിറ്റഡ് എഞ്ചിനീയർ |
| | 5,994/- | ലഭ്യമല്ല | അഖിൽ കുമാർ സി. എ., അക്രഡിറ്റഡ് ഓവർസിയർ |
| | 12,020/- | ലഭ്യമല്ല | ഷിജിമോൾ സി., അക്കൗണ്ടന്റ് ഡി.ഇ.ഓ. |
| | 122134 | | |

കൃത്യമായ ആർജ്ജിതാവധി ഡേറ്റയില്ലാതെ അവധി സറണ്ടർ മുൻവർഷത്തേത് ക്യാരി ഓവർ ചെയ്ത് അനുവദിച്ചതിന്റെ ആധികാരികത വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.44/2022-23/25-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

മേൽപറഞ്ഞ 6 കരാർ ജീവനക്കാരുടെ 03/2023 വരെയുള്ള ആർജ്ജിതാവധി അക്കൗണ്ട് തയ്യാറാക്കി വൗച്ചറുകളിലൂടെ നൽകിയ ആർജ്ജിതാവധി സറണ്ടർ പോസ്റ്റ് ചെയ്ത ശേഷം അവധി അക്കൗണ്ടിന്റെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്. തുടർന്നും കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആർജ്ജിതാവധി അനുവദിച്ചതിന്റെ ആധികാരിക അവധി അക്കൗണ്ട് രേഖകൾ ഹാജരാക്കുന്നതുവരെ 4 വൗച്ചറുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നുള്ള 122,134/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 പഞ്ചായത്ത് ഫണ്ടിലുള്ള ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ നീക്കിയിരിപ്പിൽ അവ്യക്തത

31/03/2023 ലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം 1,971,462/- രൂപ സംയുക്ത പ്രോജക്റ്റിന് ലഭിച്ച ജില്ല-ബ്ലോക്ക് വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ടി തുക പ്രത്യേക ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നതായി കാണുന്നില്ല.

| കണക്ക് ശീർഷകം | ജില്ല ബ്ലോക്ക് വിഹിതം | തുക |
|---|---|---|
| 320700204 | ബ്ലോക്ക് വിഹിതം (റവന്യൂ ചെലവിന്) | 1,059,100/- |
| 320700205 | ജില്ല പഞ്ചായത്ത് (റവന്യൂ ചെലവിന്) | 368,281/- |
| 320700304 | ബ്ലോക്ക് വിഹിതം (ക്യാപ്പിറ്റൽ ചെലവിന്) | 244,081/- |
| 320700404 | ബ്ലോക്ക് പ്രത്യേക ഫണ്ട് (റവന്യൂ ചെലവിന്) | 300,000/- |
| ആകെ | | 1,971,462/- |

1,971,462/- രൂപ തനത് ഫണ്ടിലാണോ സൂക്ഷിച്ചിരിക്കുന്നത് എന്നതിൽ വ്യക്തതയില്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ ജില്ല-ബ്ലോക്ക് വിഹിതങ്ങൾ എന്ത് പ്രോജക്ടിന് ലഭിച്ചതാണ് എന്നത് വ്യക്തമല്ല. 2022-23 വർഷം ടി തുകകൾ പ്രോജക്ടുകൾക്ക് ചെലവഴിച്ചിട്ടില്ല.

ജില്ല-ബ്ലോക്ക് വിഹിതം പഞ്ചായത്ത് ഫണ്ടിലുള്ളതിന്റെ ആധികാരികത എ.സി.ആർ. തയ്യാറാക്കി മുന്നിരിപ്പ് വിവരം ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ബാധ്യതയുടെ ആധികാരികത ഉറപ്പാക്കേണ്ടതാണ്. ചെലവഴിക്കാത്ത പക്ഷം ടി തുകകൾ യഥാവിധി തിരിച്ചടച്ച് പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

## 1-31 മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശം സൂക്ഷിച്ചിട്ടില്ല-കണക്കുകളിൽ അവ്യക്തത

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വിവിധ മുൻകൂറുകൾ ഏജൻസികളിൽ നിക്ഷേപിച്ച തുക എന്നിവയുടെ 01/04/2022 ലെ മുന്നിരിപ്പ് കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു. 2022-23 ലെ അഡ്വാൻസ് രജിസ്റ്ററിൽ വിവിധ മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി നടപടി 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ) യുടെ ലംഘനമാണ്. വിശദാംശങ്ങളിലെ അവ്യക്തത മുൻകൂർ ക്രമീകരണത്തെയും ബാധിക്കുന്നു. 2022-23 ധനകാര്യ പത്രിക പ്രകാരമുള്ള മുൻകൂറുകളുടെ മുന്നിരിപ്പ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | മുൻകൂർ ഇനം (Details Of Advance Paid) | മുൻകൂർ തുക |
|---|---|---|---|
| 1. | 460100103 | ഓഫീസ് ആവശ്യത്തിന് | 9,250/- |
| 2. | 460100199 | മറ്റ് മുൻകൂർ(Other Advances) | 25,506/- |
| 3. | 460500201 | കേരള വാട്ടർ അതോറിറ്റി (KWA) | 286,947/- |
| 4. | 460500202 | വൈദ്യുതി ബോർഡ് (KSEB Ltd.) | 4,227,378/- |
| 5. | 460500204 | ഭൂജല വകുപ്പ് (GWD) | 285,000/- |
| 6. | 460500205 | പൊതുമരാമത്ത് വകുപ്പ് (PWD) | 580,000/- |
| 7. | 460500501 | നിർവ്വഹണ ഉദ്യോഗസ്ഥർ | 251,556/- |
| 8. | 460509901 | മറ്റുള്ളവർക്ക്(Advance To Others) | 1,257,964/- |

ഉദ്യോഗസ്ഥർക്ക് നൽകുന്ന മുൻകൂർ ആർക്ക് ഏത് കാലയളവിൽ നൽകിയതാണ് എന്ന വിവരം രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു. നിർവ്വഹണ ഏജൻസികൾക്ക് നൽകുന്നവ പ്രോജക്ട് വിശദാംശം, ഫണ്ട്, നിക്ഷേപിച്ച തുക, തീയതി, നിക്ഷേപിച്ച ഓഫീസ് തുടങ്ങിയ വിവരങ്ങൾ എല്ലാം സൂക്ഷിക്കേണ്ടതായിരുന്നു. വിവിധ ശീർഷകങ്ങളിലെ കണക്കുകളുടെ അപാകതകൾ താഴെ വിവരിക്കുന്നു.

1.കേരള വാട്ടർ അതോറിറ്റിയിലുള്ള നിക്ഷേപം 2.87 ലക്ഷം രൂപ മുന്നിരിപ്പുണ്ടായിരുന്ന സ്ഥാനത്ത് 2022-23 വർഷം മുൻവർഷ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാതെ 10.33 ലക്ഷം രൂപ തിരിച്ചടച്ചത് നിക്ഷേപങ്ങളുടെ ധനകാര്യ പത്രിക പ്രകാരമുള്ള കണക്കിലെ അപാകത വ്യക്തമാക്കുന്നു.

2.കൃത്യമായ ഡേറ്റയുടെ അഭാവത്തിൽ മറ്റ് ശീർഷകങ്ങളിലെ മുന്നിരിപ്പ് തുകയുടെ കൃത്യതയും ആധികാരികതയും വ്യക്തമല്ല.

3.GWD യിൽ 2 ലക്ഷം രൂപയുടെ മുൻകൂർ മുൻവർഷങ്ങളിലേത് തൻവർഷം ജേർണൽ വൗച്ചറിലൂടെ ഉൾപ്പെടുത്തിയതുമാണ്. രജിസ്റ്ററിലെ മുന്നിരിപ്പിന്റെ അഭാവത്തിൽ ആധികാരികത വ്യക്തമല്ല.

4.തൊഴിലുറപ്പ് മുൻകൂർ കൃത്യമായ ശീർഷകത്തിൽ(460500801) അക്കൗണ്ട് ചെയ്തിട്ടില്ല.

ധനകാര്യ പത്രിക അംഗീകരിച്ചപ്പോൾ അനുബന്ധ രജിസ്റ്ററായ 2022-23 Advance Register മുൻകൂർ വിശദാംശം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരുന്നതിനും അക്കൗണ്ടിങ്ങ് അപാകതകൾക്കും നിക്ഷേപങ്ങളുടെ മുന്നിരിപ്പ് കണക്കിലെ അവ്യക്തതയ്ക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ്

അന്വേഷണക്കുറിപ്പ് (നം.40/2022-23/25-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

മേൽപ്പട്ടികയിൽ പറഞ്ഞ 8 മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശം 2022-23 Advance Register ൽ ക്യാരി ഓവർ ചെയ്ത് തയ്യാറാക്കേണ്ടതാണ്. ധനകാര്യ പത്രികയിൽ ഉൾപ്പെടാതെയുള്ള മുന്നിരിപ്പ് വിവരം Prior Period ആയി അതാത് മുൻകൂർ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം അക്കൗണ്ട് ചെയ്യേണ്ടതാണ്. വാർഷിക കണക്കുകളിലെയും Advance Register ലെയും അപാകതകൾ പരിഹരിച്ച് 2022-23 രജിസ്റ്ററിലെ മുന്നിരിപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 2023-24 വർഷം മുൻകൂറുകളുടെ അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച ശേഷം ആയതിന്റെ വിശദാംശം ഓരോ നിക്ഷേപ ശീർഷകത്തിന്റെ ലഡ്ജർ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

### 1-32 പ്രൊജക്ട് ഫയലുകൾ കൃത്യമായി പരിപാലിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23വർഷം സ്പിൽ ഓവർ പ്രൊജക്ടായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച താഴെ പറയുന്ന പ്രൊജക്റ്റ് പ്രകാരമുള്ള തുകകളുടെ ടാക്സ് ഇൻവോയിസ് സ്റ്റോക്ക് വിവരങ്ങൾ ഏതിനത്തിലുള്ള ചെലവ് എന്നത് സംബന്ധിച്ചുള്ള യാതൊരു വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമായില്ല. സാംഖ്യയിൽ നിന്നുള്ള ബില്ല് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

1. പ്രൊജക്റ്റ് നമ്പർ 27/23 തെരുവുവിളക്ക് വാങ്ങലും സ്ഥാപിക്കലും -അടങ്കൽ -3,70,000/- ചെലവ് 3,68,322/-(ബിൽ നം43/25-8-23). ഒമിലക്സ് സർവീസസ് എന്ന സ്ഥാപനത്തിന് തുക നൽകിയതായി കാണുന്നു. എന്ത് ഉപകരണങ്ങൾ വാങ്ങിയെന്നത് സംബന്ധിച്ചോ ടെൻഡർ നടപടി സ്വീകരിച്ചത് സംബന്ധിച്ചോ യാതൊരു രേഖകളും ഫയലിലുണ്ടായിരുന്നില്ല.

2. പ്രൊജക്റ്റ് നമ്പർ 29/23 പഞ്ചായത്ത് ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -അടങ്കൽ -2,60,828/-ചെലവ് 2,60,828/-(ബിൽ നം 44/25-8-23)ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് തുക നൽകിയതായി കാണുന്നു. എന്ത് ഉപകരണങ്ങൾ വാങ്ങിയെന്നത് സംബന്ധിച്ചോ ടെൻഡർ നടപടി സ്വീകരിച്ചത് സംബന്ധിച്ചോ യാതൊരു രേഖകളും ഫയലിലുണ്ടായിരുന്നില്ല.

മേൽ പറഞ്ഞരേഖകളുടെയും ടാക്സ് ഇൻവോയിസിന്റെയും സ്റ്റോക്ക് എൻട്രിയുടെയും അഭാവത്തിൽ ചെലവിനാധാരമായ രേഖകൾ ഇല്ലായെന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം43/25-10-23) മറുപടി ലഭ്യമാക്കിയിരുന്നില്ല. ചെലവിനാധാരമായ രേഖകൾ പിന്നീട് ഓഫീസിൽ ഹാജരാക്കുകയുണ്ടായി. ഫയലുകൾ കൃത്യമായി പരിപാലിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

### 1-33 മാതൃകാ കൃഷിഭവൻ കെട്ടിട നിർമ്മാണം- എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ടിന്റെ ലഭ്യത വ്യക്തമാക്കിയില്ല

1987 -ൽ നിർമ്മിച്ച നിലവിലുള്ള കൃഷി ഭവൻ കെട്ടിടം ശോചനീയാവസ്ഥയിലാണെന്നും സുരക്ഷിതമല്ലാത്ത കെട്ടിടത്തിൽ പരിമിതമായ സാഹചര്യത്തിലാണ് കൃഷി ഭവന്റെ പ്രവർത്തനമെന്നും ആയതിന് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് കൃഷി ഓഫീസർ സമർപ്പിച്ച അപേക്ഷ ,04/06/2022 തീയതി കൂടിയ ജനറൽ കമ്മറ്റിയിൽ ചർച്ച ചെയ്യുകയും ഇനിയും ടി കെട്ടിടം മെയിന്റനൻസ് ചെയ്ത് ഉപയോഗിക്കുന്നത് ധന നഷ്ടത്തിന് മാത്രമേ ഇടയാകൂ എന്നും കാലാനുസൃതമായ മാറ്റം അനിവാര്യമാണെന്നും യോഗം വിലയിരുത്തുകയും നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റി മാതൃക കൃഷി ഭവൻ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും കെട്ടിടത്തിന്റെ ബലക്ഷയം സംബന്ധിച്ച് അസി.എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

35 വർഷം പഴക്കമുള്ളതും കാലാകാലങ്ങളായി മെയിന്റനൻസ് ചെയ്തും അധിക സൗകര്യങ്ങൾക്കായി ഷെഡ്ഡുകൾ നിർമ്മിച്ചും 2019-20, 2021-22 വർഷം വരെ അറ്റകുറ്റപ്പണികൾ

നടത്തിയിരുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ മാതൃകാ കൃഷി ഭവൻ നിർമ്മാണം എന്ന തരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള ഘടനയിൽ മാറ്റം വരുത്തുന്നതിനോ നവീകരണം നടത്തുന്നതിനോ തക്കവണ്ണം ടി കെട്ടിടം ബലവത്തല്ല എന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതായി കാണുന്നു.

ആയതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ച് നീക്കി മാതൃക കൃഷി ഭവൻ നിർമ്മിക്കുന്നതിന് 13-7-22 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു. മാതൃകാ കൃഷിഭവൻ എന്ന രീതിയിൽ നവീകരണം നടത്തുന്നതിന് ബലവത്തല്ലായെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. നിലവിൽ കെട്ടിടത്തിന് ബലക്ഷയമില്ലായിരുന്നു. ബലക്ഷയമില്ലാത്ത കെട്ടിടം പൊളിച്ചുമാറ്റുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമായിരുന്നതായി എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചിരുന്നുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. നിലവിൽ കെട്ടിടം പൊളിച്ചു നീക്കിയിട്ടുണ്ട്. മാതൃകാ കൃഷിഭവൻ നിർമ്മാണത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള അടങ്കൽ തുക എത്രയെന്നും ടി തുക തനത് ഫണ്ട്/സർക്കാർ ഗ്രാന്റ് തുക താരതമ്യേന വളരെ കുറവുള്ള ഗ്രാമപഞ്ചായത്ത് എങ്ങനെ വകയിരുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം38/22-10-23) മറുപടി ലഭ്യമാക്കിയില്ല. 80ലക്ഷം രൂപ അടങ്കലായി നിർമ്മിതി മുഖേന കെട്ടിടനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നതായി എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചിരുന്നു. ഇത്രയും തുക ഏത് ഫണ്ട് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുവെന്നത് സംബന്ധിച്ചോ എത്ര വർഷമാണ് പൂർത്തീകരണത്തിന് കണക്കാക്കുന്നത് എന്നത് സംബന്ധിച്ചോ യാതൊരു വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കെട്ടിടനിർമ്മാണത്തിന് എംപിഫണ്ട്/എംഎൽഎ ഫണ്ട് എന്നിവ ലഭിക്കാനുള്ള സാദ്ധ്യതയും പരിശോധിച്ചിരുന്നില്ലായെന്ന് കാണുന്നു. ആവശ്യമായ ഫണ്ട് കണ്ടെത്തി സമയബന്ധിതമായി കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെ സജീവശ്രദ്ധയുണ്ടാവേണ്ടതുണ്ട്.

## 1-34 ആസ്തിരജിസ്റ്റർ കാലികമാക്കൽ - പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രൊ.നം | 101/23 |
| അടങ്കൽ | 49,052/-(വികസനഫണ്ട്)+385948(തനത്)<br>= 4,35,000/- |
| ചെലവ് | 49052 (Bill No 19/24-1-23)+<br>37948(ch No 6012934/23-1-23)<br>=87,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ മുഴുവൻ ആസ്തിവിവരങ്ങളും കാലികമാക്കി ജിഐഎസ് അടിസ്ഥാനത്തിൽ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുവാൻ അക്രഡിറ്റഡ് ഏജൻസിയായ Centre For Social & Resource Developement (CSRD) എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുത്ത് 4,35,000/- (15 Wardx29000/-രൂപ നിരക്കിൽ) അടങ്കലായി പ്രോജക്റ്റ് തയ്യാറാക്കുകയും 20% തുകയായ 87,000/-രൂപ മുൻകൂർ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി ആസ്തിവിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ലഭ്യമായിരുന്നോ എന്ന് വ്യക്തമാക്കുന്നതിനും ആസ്തി വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം27/21-10-23) മറുപടിയായി പ്രവൃത്തിയുടെ വെരിഫിക്കേഷൻ നടപടികൾ നടന്നുവരുന്നതായും നടപ്പുവർഷം പൂർത്തീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 87,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്റ്റ് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രൊ.നം | 21/23 |
| അടങ്കൽ | 475000(CFC)+25000(തനത്)=5,00,000/- |
| ചെലവ് | 4,73,438/-(CFC ബിൽ നം 234/10-3-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഹരിത കർമ്മസേനയ്ക്ക് മാലിന്യം ശേഖരിച്ച് എംസിഎഫുകളിലേക്ക് എത്തിയ്ക്കുന്നതിനായി ബിഎച്ച് മോട്ടോർസ് എന്ന സ്ഥാപനത്തിൽ നിന്നും Invoice No HO-MVS-22/23-317 Dtd 8-3-23 പ്രകാരം മഹീന്ദ്ര കമ്പനിയുടെ ട്രയോ സോർ എന്ന ഇലക്ട്രിക് വാഹനത്തിന്റെ വാങ്ങൽ നടത്തിയിട്ടുണ്ട്. പ്രസ്തുത വാങ്ങലിന് ടെൻഡർ നടപടി സ്വീകരിക്കുകയോ / ജെം മുഖേന വാങ്ങൽ നടത്തുകയോ ചെയ്തിരുന്നില്ല. ജിഒ(പി)നം 7/19/SPD തീയതി 26-4-19 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെംമുഖേന സമാഹരിക്കേണ്ടതാണെന്നും ഏതെങ്കിലും പ്രത്യേക ഇനം ജെം മുഖേന ലഭ്യമല്ലാത്ത പക്ഷം അല്ലെങ്കിൽ ജെം മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയശേഷം ക്വട്ടേഷൻ, ടെൻഡർ മുതലായ മറ്റ് മാർഗ്ഗങ്ങളിലൂടെ വാങ്ങാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ടെൻഡർ നടപടികളൊന്നും കൂടാതെ നേരിട്ട് ബിഎച്ച് മോട്ടോർസിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. ഡിപിസി അംഗീകരിച്ച പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരവും ടെൻഡർ നടപടികളിലൂടെ വാങ്ങൽ നടത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം27/21-10-23)മറുപടിയായി ജെംപോർട്ടലിൽ കൂടിയ വിലയാണ് രേഖപ്പെടുത്തിയിരുന്നതെന്നും ആയതിനാലാണ് ഡയറക്ട് പർച്ചേസായി ടെൻഡർ നടപടി കൂടാതെ നേരിട്ട് പർച്ചേസ് നടത്തിയത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. നടപടിക്രമങ്ങൾ പാലിക്കാതെയുള്ള വാങ്ങലിനായി ചെലവഴിച്ച 4,73,438/രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബിഎച്ച് മോട്ടോർസിന് ബിൽ തുക നൽകിയപ്പോൾ സ്രോതസ്സിൽ ടിഡിഎസ് ആയി കിഴിവ് ചെയ്യേണ്ട ജിഎസ് ടി 2%തുക ഈടാക്കിയിരുന്നില്ല. വാഹനത്തിന്റെ ജിഎസ് ടി ഒഴികെയുള്ള വിലയായ 415664.76 രൂപയുടെ 2% തുകയായ 8314/-രൂപ ഈടാക്കേണ്ടിയിരുന്നു. ടി തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

പ്രസ്തുത വാഹനം ഡ്രൈവ് ചെയ്യുന്നതിനായുള്ള പരിശീലനം ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം27/21-10-23) മറുപടിയായി പരിശീലനം നൽകിയിരുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകി വാഹനം ഡ്രൈവ് ചെയ്യാൻ സജ്ജരാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

## 1-36 എൽഇഡി ലൈറ്റ്, ബൾബ് ഹോൾഡർ ,ഷെയ്ഡ് വാങ്ങി സ്ഥാപിക്കൽ- ടെൻഡർ നടപടിക്രമങ്ങളിൽ അപാകത

| | | |
|---|---|---|
| പ്രൊ.നം | 91/23 | 93/23 |
| അടങ്കൽ | 2,41,000/-(വികസനഫണ്ട് -പൊതു) | 1,63,000(വികസനഫണ്ട് -പൊതു)+1,00,000(തനത്)=2,63,000/- |
| ചെലവ് | 2,40,597/- (Bill No 27/25-3-23) | 1,13,160(വികസനഫണ്ട് -പൊതു) Bill No21/15-2-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

91/23 നമ്പർ പ്രൊജക്റ്റ് പ്രകാരം ഒമിലക്സ് സർവീസസ് എന്ന സ്ഥാപനത്തിൽ നിന്നും 2,40,597/- (Bill No 27/25-3-23) രൂപ ചെലവഴിച് 469 എണ്ണം 18W LED ലൈറ്റുകൾ വാങ്ങിയിരുന്നു. ടെൻഡർ നോട്ടീസ് പട്ടിക 2 പ്രകാരം 9W With GI Clamp, Nut, Bolt എന്നിവയുൾപ്പടെയാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ വാങ്ങൽ നടത്തിയത് 18W എൽഇഡി ബൾബാണ്. ടെൻഡർ നോട്ടീസിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തിയതിന് ലഭ്യമായ വിശദീകരണം തൃപ്തികരമല്ല. 9Wനെക്കാൾ മികച്ചത് 18Wആയതിനാലാണ് വാങ്ങൽ നടത്തിയത് എന്നറിയിച്ചിട്ടുണ്ട്. ടെൻഡർ ക്ഷണിക്കുന്നതിന് മുൻപ് തന്നെ പർച്ചേസ് കമ്മറ്റി ഏത് വാട്ടിലുള്ള ബൾബുകളാണ് ഗ്രാമപഞ്ചായത്തിന് യോജിക്കുന്നത് എന്ന് കണ്ടെത്തി വേണമായിരുന്നു ടെൻഡർ നോട്ടീസ് തയ്യാറാക്കാൻ. ടെൻഡർ ക്ഷണിച്ചതിന് ശേഷം വാങ്ങേണ്ട സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി നടത്തിയ വാങ്ങൽ നടപടി ക്രമപ്രകാരമല്ല.

പ്രോജക്ട് നമ്പർ 93/23 പ്രകാരം ഒമിലക്സ് സർവീസസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും 212 എണ്ണം 24W Automatic LED ലൈറ്റുകൾ വാങ്ങുന്നതിന് കരാർ നൽകുകയും ചെയ്തിരുന്നു. 2022-23 വർഷം മൂന്ന് വാർഡുകളിലായി 92 എണ്ണം 24W LED ബൾബ് വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യുകയും 1,13,160 (Bill No21/15-2-23) ചെലവഴിക്കുകയും ചെയ്തിരുന്നു. ടെൻഡർ നോട്ടീസ് പട്ടിക 1 പ്രകാരം 18W എൽഇഡി ബൾബാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ വാങ്ങൽ നടത്തിയത് 24W Automatic എൽഇഡി ബൾബാണ്. ടെൻഡർ നോട്ടീസിൽ നിന്നും വ്യതിചലിച്ച് വാങ്ങൽ നടത്തിയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-10-23) മറുപടിയായി 24W ലൈറ്റിന് രണ്ടുവർഷ വാറണ്ടി ഉള്ളതായാണ് അറിയിച്ചത്. എന്നാൽ ടെൻഡർ നോട്ടീസിൽ ആവശ്യപ്പെട്ടത് പ്രകാരമുള്ള ലൈറ്റുകളുടെ നിരക്കാണ് മറ്റ് ടെൻഡറിൽ പങ്കെടുത്ത് സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തത്. ടെൻഡർ നോട്ടീസിൽ നിന്നും വ്യത്യസ്തമായി ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവഴിച്ച 113160/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൂടാതെ നമ്പർ 93/23 പ്രോജക്ടിന്റെ കരാർ തുക 2.5 ലക്ഷത്തിന് മുകളിലുള്ളതായതിനാൽ ടി വാങ്ങലുകൾക്ക് 2% തുക ജിഎസ്റ്റി ടിഡിഎസ് ഈടാക്കേണ്ടിയിരുന്നു. എന്നാൽ ബിൽ തുക നൽകിയപ്പോൾ സ്രോതസ്സിൽ ടിഡിഎസ് ആയി കിഴിവ് ചെയ്യേണ്ട ജിഎസ് ടി 2% തുക ഈടാക്കിയിരുന്നില്ല. ടി തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. തുടർവർഷങ്ങളിൽ പർച്ചേസുകളിൽ ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

### 1-37 പഞ്ചായത്ത് ഓഫീസ് സെർവർ, കമ്പ്യൂട്ടർ &യുപിഎസ് എഎംസി- ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രൊ.നം | 25/23 |
| അടങ്കൽ | 73922(തനത്) |
| ചെലവ് | 25960/-(ചെക്ക്നം 236959/11-8-22)<br>26078/-(ചെക്ക് നം6012924/3-1-23)<br>=52038/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 5കമ്പ്യൂട്ടറുകൾക്കും ഒരു 5KVA യുപിഎസിനും 9-6-22 മുതൽ 8-6-23വരെ എഎംസിയ്ക്കായി കെൽട്രോണിന്റെ എസ്റ്റിമേറ്റ് പ്രകാരം 26078/-രൂപ നൽകുകയും കെൽട്രോണുമായി

കരാറിലേർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പ്രൊജക്റ്റ് പ്രകാരം ചെലവഴിച്ച 25960/-രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല . പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 27/21-10-23) മറുപടിയായി കെൽട്രോണിൽ നിന്നും ലഭിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് തുക അടച്ചത് എന്ന് അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രൊപ്പോസലോ കെൽട്രോണുമായുള്ള കരാർ, ടാക്സ് ഇൻവോയിസ് എന്നിവയോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഏതൊക്കെ ഉപകരണത്തിനാണ് എഎംസി ലഭ്യമായിരുന്നത് എന്നതും വ്യക്തമല്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 25960/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എഎംസി ഉൾപ്പടെയുള്ള രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 നിക്ഷേപപ്രവൃത്തികൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ സർക്കാർ ഏജൻസികളിൽ നിക്ഷേപപ്രവൃത്തിയായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| പ്രോജക്ട് നമ്പർ, പേര് | ചെലവ് ഫണ്ടിനം | ബിൽ നമ്പർ,തീയതി | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|
| 244/23 സ്ട്രീറ്റ് മെയിൻ വലിക്കൽ | 23,320/-വികസന ഫണ്ട് (ജനറൽ) | 24/21-3-23 | KSEBപള്ളിക്കത്തോട് |
| 83/23 സ്ട്രീറ്റ് മെയിൻ വലിക്കൽ | 50,000/-വികസന ഫണ്ട് (ജനറൽ) | 20/24-1-23 | KSEBഅയർക്കുന്നം |
| 31/23 സ്ട്രീറ്റ് മെയിൻ വലിക്കൽ | 65,330/-(തനത് ഫണ്ട്) | ചെക്ക് നം 6012929/5-1-23 | KSEBപള്ളിക്കത്തോട് |
| 89/23 എസ്.എസ്.കെ വിഹിതം | 1,00,000/-വികസന ഫണ്ട് (ജനറൽ) | 10/23-9-22 | എസ്.എസ്.കെ കോട്ടയം |
| 243/23 ചെങ്ങളം സബ്സെന്റർ- | 3,80,592/-വികസന ഫണ്ട് (ജനറൽ) | 26/25-3-23 | NRHM-ജില്ലാഹെൽത്ത്&ഫാമിലി വെൽഫയർ സൊസൈറ്റി |
| 30/23 ചെങ്ങളം സബ്സെന്റർ | 6,32,571/-വികസന ഫണ്ട് (ജനറൽ) | 8/19-9-22 | NRHM-ജില്ലാഹെൽത്ത്&ഫാമിലി വെൽഫയർ സൊസൈറ്റി |
| ആകെ | 12,51,813/- | | |

പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/21.10.23) മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമാക്കുന്നത് വരെ 12,51,813/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 കുറ്റാക്കുഴി ടോപ്പ് കുടിവെള്ളപദ്ധതി പൂർത്തീകരണം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| പ്രൊ.നം | 14/23 | 67/23 |
|---|---|---|
| അടങ്കൽ | 10,00,800/-(CFC) | 4,94,612/-(CFC) |

| | | |
|---|---|---|
| ചെലവ് | 3,47,348/-(billno322 /29-3-23) | 4,38,800/-(billno33 /12-7-22 |
| കൺവീനർ | തമ്പി തോമസ് | തമ്പി തോമസ് |
| കരാർ | 34/AE/LSGD /AKLM/22-23dtd 21-03-23 | 42/AE/LSGD /AKLM/21-22dtd 19-02-22 |



2022-23 വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ മേൽപരാമർശിച്ച രണ്ട് പ്രൊജക്റ്റുകൾ പ്രകാരംകൂരാക്കുഴി ടോപ്പ് കുടിവെള്ളപദ്ധതിയ്ക്കായി പണി പൂർത്തിയാക്കിയ പ്ലാറ്റ് ഫോമിനുമുകളിൽ 10000ലി. കപ്പാസിറ്റിയുള്ള പിവിസി വാട്ടർ ടാങ്ക് സ്ഥാപിക്കൽ, 692m ദൂരത്തിൽ നിലവിലുള്ള 90mm പമ്പിങ്ങ്മെയിനിന് തുടർച്ചയായി 549m നീളത്തിൽ 90mm പിവിസി പമ്പിങ്ങ്മെയിൻ സ്ഥാപിക്കൽ, വാൽവ്, പമ്പ്ഹൗസ്, വിവിധയിടങ്ങളിലായി 2Km ൽ അധികം നീളത്തിൽ വിതരണപൈപ്പ് ലൈൻസ്ഥാപിക്കൽ എന്നിവയും ചെയ്തിട്ടുണ്ട്. 19-10-23 ന് പ്രസ്തുത പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രാദേശികമായി പരിശോധിക്കുകയുണ്ടായി. പമ്പ് ഹൗസിന് ഇലക്ട്രിക് കണക്ഷൻ നൽകുകയോ മോട്ടോർ സ്ഥാപിക്കുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു. മുൻവർഷങ്ങളിൽ സ്ഥാപിച്ചുവെന്ന് പറയുന്ന കിണറിൽ നിന്നുള്ള 692m പമ്പിങ്ങ് മെയിൻ കിണറിലേക്ക് എത്തിച്ച് കണക്ഷൻ നൽകിയിട്ടില്ലായെന്ന് കാണുന്നു. മേൽപറഞ്ഞ പ്രവ്യത്തികൾ അവശേഷിക്കുന്നതിനാൽ കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് വ്യക്തമായി. പൂർത്തീകരണത്തിനായി തുടർ പ്രൊജക്റ്റുകൾ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നം.35/22.10.2023) മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ളപദ്ധതി പ്രവർത്തനസജ്ജമായി ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാത്തതിനാൽ ടിയിനത്തിൽ രണ്ടുപ്രൊജക്റ്റുപ്രകാരവും ചെലവഴിച്ച 7,86,148/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-40 ജിഎസ് ടി കോമ്പൻസേഷൻ- അധികനിരക്ക് നൽകി

| | |
|---|---|
| പ്രൊ.നം | 50/23 ആലയ്ക്കൽ ചെമ്പിളാംകുന്ന് നടപ്പാത നവീകരണം |
| അടങ്കൽ | 3,00,000/-(MG-Road) |
| ചെലവ് | 44,573/-(bill No.13/28.01.23) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ജോഷി സഖറിയ |

സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ജി എസ് റ്റി, 12% ത്തിൽ നിന്ന് 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 18-7-2022 ന് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന പ്രൊജക്റ്റുകൾക്കാണ് അധിക ശതമാനം നിരക്കിൽ ജി എസ് റ്റി 18% അനുവദിക്കാവുന്നത് . ഇത്തരം പ്രവൃത്തികൾക്ക് വേലമൂല്യത്തോടൊപ്പംവർദ്ധിപ്പിച്ച നിരക്കിൽ ജി എസ് റ്റി നല്കുന്നുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 ൽ ആരംഭിച്ചതും ജി എസ് റ്റി വിഹിതമായി 12% എസ്റ്റിമേറ്റിൽ വകയിരുത്തിയതും 18-7-2022 ന് മുൻപ്

16.06.22ന് റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പൂർത്തീകരിച്ചതുമായ പ്രൊജക്റ്റ് നമ്പർ 50/23 ആലയ്ക്കൽ ചെമ്പിളാംകുന്ന് നടപ്പാത നവീകരണം എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി നല്കിയതിനാൽ ഉണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

വേലമൂല്യം = 37774/-

നൽകാവുന്ന ജിഎസ് ടി 37774 ന്റെ 12% =4533/-

നൽകിയ ജിഎസ് ടി 37774 ന്റെ 18% = 6800/-

അധികം നൽകിയ തുക 6800 -4533= 2267/-

ജിഎസ് ടി ഇനത്തിൽ കരാറുകാരന് അധികമായി നൽകിയ തുകയായ 2267/- രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-41 പി വി സി വാട്ടർ ടാങ്ക് - പട്ടികജാതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | പി വി സി വാട്ടർ ടാങ്ക് - പട്ടികജാതി -156/22-23 |
| അടങ്കൽ,ഫണ്ടിനം | 125000–<br>വികസനഫണ്ട് എസ് സി പി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ചെലവ് ,ഫണ്ടിനം | 72660 |
| ബിൽ നമ്പർ | 250/15.03.2023 |

കുടിവെള്ളദൗർലഭ്യം അനുഭവിക്കുന്ന പ്രദേശത്ത് കുടിവെള്ളം ശേഖരിക്കുന്നതിന് 500 ലിറ്റർ ശേഷിയുള്ള പി വി സി വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയത്.പ്രോജക്ടിന്റെ ഭാഗമായി സൗത്ത് ഇൻ പോളിമേർസ് എന്ന സ്ഥാപനത്തിൽ നിന്നും 30 വാട്ടർ ടാങ്കുകൾ വാങ്ങി. എന്നാൽ വിതരണവിവരങ്ങൾ ലഭ്യമാക്കിയില്ല. കൂടാതെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് |
|---|---|
| 1 | ഷിജോ പി ഗോപാൽ |
| 2 | മഹേഷ് പി എസ് |
| 3 | അമ്മിണി കുട്ടപ്പൻ |
| 4 | ശോഭന ശശി |
| 5 | ഗീതാ അജികുമാർ |
| 6 | കുട്ടപ്പൻ എം കെ |
| 7 | അമ്മിണി തോണിക്കുഴിയിൽ |
| 8 | ശാന്താ വിജയൻ |
| 9 | ദീപാ സി എ |

അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/19.10.2023) മറുപടി ലഭ്യമാക്കിയില്ല. വിതരണവിവരങ്ങൾ, മറ്റ് വിവരങ്ങൾ എന്നിവയുടെ അഭാവത്തിൽ ചെലവ് തുകയായ 72660 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 സമാനസ്വഭാവമുള്ള ബോധവത്കരണ പ്രോജക്ടുകൾ വ്യത്യസ്ത പ്രോജക്ടുകളായി നടപ്പാക്കി

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് / | ലഹരിവിരുദ്ധ | ഹൈസ്കൂൾ കുട്ടികൾക്ക് |

| | | |
|---|---|---|
| നമ്പർ | പ്രവർത്തനങ്ങൾ 169/22-23 | കൗൺസലിംഗ് - 168/22-23 |
| അടങ്കൽ,ഫണ്ടിനം | 20151 – പൊതുവിഭാഗം സാധാരണവിഹിതം | 23307 -പൊതുവിഭാഗം സാധാരണവിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് |
| ചെലവ് | 20151 | 23307 |
| ബിൽ നമ്പർ | 180/16.02.2023 – 6700<br>194/23.02.2023 – 13451 | 181/16.02.2023 - 10000<br>195/23.02.2023 – 13307 |
| പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ | വിവിധ ഹയർസെക്കണ്ടറി,ഹൈസ്കൂൾ എന്നിവങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൂട്ടയോട്ടം,എക്സൈസ് ഉദ്യോഗസ്ഥരുടെ ക്ലാസ്സ്. | വിവിധ ഹയർസെക്കണ്ടറി,ഹൈസ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് കൗൺസലിംഗ്. |

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഹൈസ്കൂൾ മുതലുള്ള വിദ്യഭ്യാസ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയവയിൽ ഉൾപ്പെടുന്നില്ല. ഹൈസ്കൂൾ മുതലുള്ള എയ്ഡഡ് സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയതിനുള്ള സാഹചര്യം,സമാനസ്വഭാവമുള്ള പ്രവർത്തനങ്ങൾ വിഭജിച്ച് നടപ്പാക്കിയതിന്റെ കാരണം,മേൽ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/19.10.2023) ലഭ്യമാക്കിയ മറുപടിയിൽ കാലിക പ്രാധാന്യമുള്ള വിഷയമെന്ന നിലയിൽ പദ്ധതി നടപ്പാക്കിയതാണെന്ന് അറിയിച്ചു. ഒരേ ലക്ഷ്യത്തിനായി രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ ഉ കൈ നം 84/2022/തസ്വഭവ തീയതി 19.04.2022 ) 2.4 (8) പാലിച്ചതായി കാണുന്നില്ല. പ്രോജക്ടുകളുടെ ആവിഷ്കരണം, നിർവ്വഹണം എന്നിവയിൽ സർക്കാർ മാർഗ്ഗരേഖകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-43 "ഞങ്ങളും കൃഷിയിലേയ്ക്ക് "- പ്രോജക്ട് വിശദാംശങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | ഞങ്ങളും കൃഷിയിലേയ്ക്ക്- 173/22-23 |
| അടങ്കൽ,ഫണ്ടിനം | 50000 – വികസന ഫണ്ട് ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് ,ഫണ്ടിനം | 50000 |
| ബിൽ നമ്പർ/തീയതി | 335/31.03.2023 |

മേൽ പ്രോജക്ടിന്റെ പരിശോധനയിൽ താഴെപ്പറയും പ്രകാരം സബ്സിഡി വിതരണം നടത്തിയതായി കാണുന്നു.

| ക്രമനമ്പർ | വ്യക്തി/സംഘം | തുക |
|---|---|---|

| | | |
|---|---|---|
| 1 | ജോസ് മാത്യൂ - സൗഹൃദ കർഷക ദളം | 20000 |
| 2 | കെ ജെ തോമസ് - | 10000 |
| 3 | ജോസ് പി സി - മൈത്രി കൂട്ടായ്മ | 20000 |

വിവിധ കർഷകസംഘങ്ങൾക്ക് വേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചതെന്ന് നിർവ്വഹണോദ്യോസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും ക്രമനമ്പർ 2,3 പ്രകാരമുള്ള സബ്സിഡി വ്യക്തികളുടെ അക്കൗണ്ടിലേയ്ക്കാണ് നൽകിയിരിക്കുന്നത്. ഗുണഭോക്താക്കൾ 2022-23 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/21.10.2023) ലഭ്യമാക്കിയ മറുപടിയിൽ കർഷകസംഘങ്ങൾ കൃഷി കർഷകക്ഷേമ വകുപ്പിന്റെ എയിംസ് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണെന്നും സബ്സിഡി തുക സംഘത്തിന്റെ തീരുമാനങ്ങൾക്ക് അനുസരിച്ചാണ് വിനിയോഗിച്ചിട്ടുള്ളതെന്നും അറിയിച്ചു.ഗുണഭോക്താക്കൾക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ, സബ്സിഡി തുക ക്രെഡിറ്റ് ചെയ്ത ബാങ്ക് അക്കൗണ്ടുകൾ കർഷകസംഘങ്ങളുടെ പ്രവർത്തനങ്ങൾക്കായുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മേൽ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുകയായ 50000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 ഗ്രാമപഞ്ചായത്തിനെ ഒറ്റയൂണിറ്റായി പരിഗണിക്കാതെ പ്രോജക്ടുകൾ നടപ്പാക്കുന്നു

| പ്രോജക്ടിന്റെ പേര് / നമ്പർ | ടിഷ്യുകൾച്ചർ വാഴ -185/22-23 | ഫലവൃക്ഷ തൈ കിറ്റ് വിതരണം -116/22-23 |
|---|---|---|
| അടങ്കൽ,ഫണ്ടിനം | 10000 – വികസന ഫണ്ട് ജനറൽ | 22500– വികസന ഫണ്ട് ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| ചെലവ് | 10000 | 22500 |
| ബിൽ നമ്പർ | 214/03.03.2023 | 267/21.03.2023 |
| പ്രോജക്ട് നടപ്പാക്കിയ വാർഡ് | 9 | 8 |

ഗ്രാമപഞ്ചായത്തിൽ ആകെ 15 വാർഡുകൾ ഉള്ളതിൽ മേൽ പ്രോജക്ടുകൾ ഒരു വാർഡിൽ മാത്രമായിട്ടാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇത്തരത്തിൽ പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/19.102023) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് പ്രോജക്ട് നടപ്പാക്കിയതെന്നും ഭാവിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു.വ്യക്തിഗത ഗുണഭോക്താക്കൾക്കായിട്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിനെ ഒറ്റയൂണിറ്റായി പരിഗണിച്ച് എല്ലാ പ്രദേശങ്ങളിലുമുള്ള ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.വികസന പ്രക്രിയയിൽ ഒരാളും ഒഴിവാക്കപ്പെടുന്നില്ല എന്നുറപ്പുവരുത്തണമെന്നും സർവ്വാശ്ലേഷിതമായ വികസനമാണ് 14-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യമെന്നും സ ഉ (കൈ ) നം 84/2022 തസ്വഭവ തീയതി 19.04.2022 ഉത്തരവ് ഖ 2-1(3) ൽ നിർദ്ദേശിച്ചിട്ടുണ്ട്. വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സവിശേഷശ്രദ്ധ ക്ഷണിക്കുന്നു.

## 1-45 പുതിയ ശുചിമുറി നിർമ്മാണം - രേഖകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 37/22-23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുതിയ ശുചിമുറി നിർമ്മാണം (ഒ ഡി എഫ് പ്ലസ്) (സ്പിൽ ഓവർ) |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മറ്റക്കര സർക്കിൾ |
| അടങ്കൽ | 91800 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) + 324000 (കേന്ദ്രാവിഷ്കൃത ഫണ്ട്) = 415800 |
| ചെലവ് | 71400 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) + 48000 (കേന്ദ്രാവിഷ്കൃത ഫണ്ട്) = 119400 |
| ബിൽ നം. | Vr.no. 22200864/10.10.22 – 12000<br>70/30.09.22 – 3400<br>Vr.no. 590/14.12.22 – 36000<br>38/01.08.22 – 10200<br>09/17.05.22 – 57800 |

മേൽ പ്രോജക്ട് പ്രകാരം 21 ഗുണഭോക്താക്കൾക്ക് പുതിയ ശുചിമുറി നിർമ്മാണത്തിനായി 15400/- (12000/- + 3400/-) വീതം നൽകിയിട്ടുണ്ട്. അതിൽ ആനിയമ്മ, മേരി പി കെ, അംബിക, ശ്രീജ റ്റി ആർ എന്നീ ഗുണഭോക്താക്കളുടെ അപേക്ഷയും യോഗ്യതകളും പൂർത്തീകരണവും അടങ്ങിയ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/21.10.2023) മേൽ ഗുണഭോക്താക്കളുടെ പണി പൂർത്തീകരിച്ചാൽ മാത്രമേ പി എഫ് എം എസ് വഴി തുക നൽകുകയുള്ളൂ എന്നും ആയതിനാൽ മേൽ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതാണ് എന്നുമാണ് മറുപടി ഹാജരാക്കിയിട്ടുള്ളത്. രേഖകൾ ഹാജരാക്കുന്നതുവരെ മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച 61600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(Vr.no. 22200864/10.10.22 – 12000, 70/30.09.22 – 3400)

ബിൽ നം.70/30.09.2022-3400, Vr.No.590/14.12.2022-36000, ബിൽ നം.38/01.08.2022-10200 എന്നിവ പ്രകാരം

1-46 സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം - രേഖൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 41/22-23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മറ്റക്കര സർക്കിൾ |
| അടങ്കൽ | 62000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 62000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം. | 52/31.08.2022 – 12000<br>169/01.02.2023 – 50000 |

മേൽ പ്രോജക്ട് പ്രകാരം 50000/- രൂപ ലാപ്ടോപ്പും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിന് നൽകിയിരുന്നു. ആയത് ലഭ്യമായിട്ടുണ്ട്. 12000/- രൂ ക്യൂ ആർ കോഡ് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ 3301002100016241 (52/31.08.2022) നമ്പർ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. എന്നാൽ ക്യൂ ആർ കോഡ്

ലഭ്യമായതിന്റേയോ പദ്ധതി നടപ്പിലാക്കിയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/21.10.2023) തുക കെൽട്രോണിന് നൽകുന്നതിനായി ബിൽ സമർപ്പിച്ചപ്പോൾ ട്രഷറിയിൽ നിന്ന് ഒറിജിനൽ ആവശ്യപ്പെട്ടതിൻപ്രകാരം നൽകിയെന്നും ആയതിനാൽ ഫയലിൽ സൂക്ഷിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്യൂ ആർ കോഡ് ലഭ്യമായതിന്റേയോ പദ്ധതി നടപ്പിലാക്കിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ മേൽ ഇനത്തിൽ ചെലവായ 12000/- രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന നിർമ്മാണപദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ട് നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| ശുഭ സന്തോഷ് കുന്നംപുറത്ത് കരിമ്പാനി | 40000 | 13.08.18 |
| | 160000 | 29.11.18 |
| ഓമന രാഘവൻ പുലമ്പേപ്പതിയിൽ മണലുങ്കൽ | 40000 | 22.8.19 |
| | 160000 | 28.10.19 |
| | 100000 | 9.01.2020 |
| റോയി ആന്റണി പ്ലാത്തറ ചെങ്ങളം | 40000 | 12.11.20 |
| | 160000 | 12.08.21 |
| സലോമി റോബി പ്ലാത്തറ ചെങ്ങളം | 40000 | 12.11.20 |
| | 160000 | 05.08.21 |
| മഞ്ജു ഷിജോ ഉതിരക്കുളം | 40000 | 27.08.20 |
| | 160000 | 16.10.20 |
| | 100000 | 28.01.21 |
| | 60000 | 05.08.21 |

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/21.10.2023) താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം. 1 – റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

ക്രമ നം. 2 – ഭിത്തി പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും മേൽക്കൂര വാർക്കുന്നതിനുള്ള ശേഷി ഇല്ലാത്തതിനാൽ പണി പൂർത്തീകരിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് സഹായങ്ങൾ തേടി പണി പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നം. 3, 4 – ഭിത്തി പണി പൂർത്തീകരിച്ചിട്ടില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എത്രയും വേഗം പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നം. 5 – മേൽക്കൂര വാർത്തിട്ടുണ്ടെന്നും തുടർ പണികൾ പൂർത്തീകരിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടിയാൾ 360000/- രൂപ കൈപ്പറ്റിയിട്ടുള്ളതിനാൽ തുടർ പണികൾ

പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-48 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താവ് പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

1.

| | |
|---|---|
| പ്രോജക്റ്റ് നം | 154/22-23 |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (എസ് സി) |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാഞ്ഞിരമറ്റം സർക്കിൾ |
| അടങ്കൽ | 600000, വികസന ഫണ്ട് – എസ് സി പി |
| ചെലവ് | 450000, വികസന ഫണ്ട് – എസ് സി പി |
| ബിൽ നം. | 5/01.02.23 – 50000<br>9/10.03.23 – 50000<br>15/29.03.23 – 110920<br>16/31.03.23 – 239080 |

മേൽ പ്രോജക്റ്റ് പ്രകാരം 50000/- രൂ (ബിൽ നം.16/31.03.23) മഞ്ജു ശ്രീകുമാർ, കുന്നേൽത്താഴെ എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/19.10.23) ഗുണഭോക്താവിന് 31.03.2023 ലാണ് അഡ്വാൻസ് നൽകിയതെന്നും പണി നടന്ന വരുന്നതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പണി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്റ്റ് നം | 98/22-23 |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ – അഗതി – ആശ്രയ |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മറ്റക്കര സർക്കിൾ |
| അടങ്കൽ | 200000, വികസന ഫണ്ട് – ജനറൽ |
| ചെലവ് | 100000, വികസന ഫണ്ട് – ജനറൽ |
| ബിൽ നം. | 18/11.03.2023 |

മേൽ പ്രോജക്റ്റ് പ്രകാരം 50000/- രൂ അഡ്വാൻസ് ഇനത്തിൽ ചെല്ലമ്മ ശിവരാമൻ, പുലിയാത്തോട്ടത്തിൽ എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/21.10.23) ഗുണഭോക്താവിന് 09.03.2023 ലാണ് അഡ്വാൻസ് നൽകിയതെന്നും പണി നടന്ന വരുന്നതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പണി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

1-49 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -47/22-23 |
| അടങ്കൽ,ഫണ്ടിനം | 88000– വികസനഫണ്ട് എസ് സി പി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ചെലവ് | 72600 |
| ബിൽ നമ്പർ | 254/16.03.2023 |

പ്രോജക്ട് ഫോറം പ്രകാരം മേൽ പ്രോജക്ടിന്റെ ഭാഗമായി ലാപ്ടോപ്പുകൾ അക്രഡിറ്റഡ് ഏജൻസിയായ കെൽട്രോൺ മുഖേന വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിരുന്നത് .എന്നാൽ വാങ്ങൽ നടത്തിയിരിക്കുന്നത് IT Professionals Co Operative Society 1959 എന്ന സ്ഥാപനത്തിൽ നിന്നുമാണ് (ഇൻവോയ്സ് IT/22-23L324 Dtd 31.01.2023).വാങ്ങൽ സംബന്ധിച്ച ടെണ്ടർ /ക്വട്ടേഷൻ/കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ലാപ്ടോപ്പുകളുടെ വിതരണവിവരങ്ങൾ ലഭ്യമാക്കിയില്ല.വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/19.10.2023) മറുപടി ലഭ്യമാക്കിയില്ല.വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുകയായ 72600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-50 ജന്റർ റിസോഴ്സ് സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | ജന്റർ റിസോഴ്സ് സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ -46/22-23 |
| അടങ്കൽ,ഫണ്ടിനം | 75000– മെയിൻറനൻസ് ഫണ്ട് റോഡിതരം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് ,ഫണ്ടിനം | 71888 |
| ബിൽ നമ്പർ | 92/23.11.2022 – 46288<br>320/28.03.2023 - 25600 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വിവിധ സംവിധാനങ്ങൾക്കും സ്ഥാപനങ്ങൾക്കും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജെൻഡർ റിസോർസ് സെന്റർ. ഇത്തരം സംവിധാനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്.(തദ്ദേശസ്വയംഭരണ (ഐ എ) വകുപ്പ് സ ഉ (എം എസ്) നം 72/2018 /തസ്വഭവ തീ.21.05.2018). അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ ജെൻഡർ റിസോർസ് സെന്ററിനായി മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ നിന്നും 46288/- രൂപ ചെലവഴിച്ച് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ 25600/- രൂപ ചെലവഴിച്ച് ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്. വാങ്ങൽ നടത്തിയ കംപ്യൂട്ടർ, ഫർണ്ണീച്ചർ തുടങ്ങിയവയുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം നടത്തിയതായി കാണുന്നില്ല. ജന്റർ റിസോഴ്സ് സെന്റർ ഓഫീസിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കംപ്യൂട്ടർ നിലവിൽ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കുന്നില്ലെന്ന് വ്യക്തമായി. ജന്റർ റിസോഴ്സ് സെന്ററിന്റെ നിലവിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.മേൽ സൂചിത സർക്കാർ ഉത്തരവിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള നടപടികൾ നിലവിൽ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചോയെന്ന് വ്യക്തമല്ല.അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/19.10.2023) മറുപടി

ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കുന്നതുവരെ ചെലവ് തുകയായ 71888/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-51 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പ് നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | പ്രൊഫഷണൽ ഡിഗ്രി കോഴ്സിനു പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് -103/22-23 |
| അടങ്കൽ,ഫണ്ടിനം | 65000- വികസനഫണ്ട് എസ് സി പി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ചെലവ് ,ഫണ്ടിനം | 65000 |
| ബിൽ നമ്പർ | 166/27.01.2023 |

മേൽ പ്രോജക്ട് പ്രകാരം ശ്രീ. അഭിജിത്ത് കെ ആർ എന്ന വിദ്യാർത്ഥിക്ക് 25000 രൂപ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു.എന്നാൽ ബന്ധപ്പെട്ട ഗുണഭോക്തൃലിസ്ററിൽ മേൽ വിദ്യാർത്ഥിയെ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/20.10.2023) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ടി വിദ്യാർത്ഥിക്ക് നൽകിയ 25000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-52 വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ - സ്ഥാപനത്തിന് തുക ലഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 12/22-23 |
| പ്രോജക്ടിന്റെ പേര് | വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 150000 , മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് | 150000 , മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ബിൽ നം. | 04/06.01.2023 |

വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം പാലാ കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും ഇൻവോയ്സ് നം. 72400, തീ. 31.12.2022 പ്രകാരം 150000/- രൂപയുടെ മരുന്നുകൾ ലഭ്യമാകുകയും സ്റ്റോക്കിൽ വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ നം. 04/06.01.2023 പ്രകാരം സ്ഥാപനത്തിന് നൽകിയ 150000/- രൂ ലഭ്യമായിട്ടില്ലെന്ന് പാലാ കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക് കത്ത് നൽകിയിട്ടുണ്ട്. ബാങ്കിന്റെ പേര് കൃത്യമായി നൽകാത്തതിനാൽ മേൽ തുക ക്രെഡിറ്റ് ആയില്ലെന്നും സർക്കാരിലേക്ക് തുക തിരികെ അടവാക്കിയിട്ടുണ്ടെന്നും പള്ളിക്കത്തോട് സബ് ട്രഷറിയിൽ നിന്നും കത്ത് ലഭിച്ചതായി കാണുന്നു. മരുന്ന് വാങ്ങിയിട്ടും സ്ഥാപനത്തിന് നിലവിലും തുക ലഭ്യമാകാത്തതിനും തുക നൽകാൻ സ്വീകരിച്ച നടപടികളും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/19.10.2023) Beneficiary Account - ൽ ഉള്ള സാങ്കേതിക പ്രശ്നങ്ങളാണ് തുക തിരികെ വന്നതിന് കാരണമായതെന്നും മറ്റ് പഞ്ചായത്തുകളിലും ഇതേ പ്രശ്നം ഉണ്ടായിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനപ്രകാരം തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരികയാണെന്നും മറുപടി നൽകിയിട്ടുണ്ട്. മരുന്ന് നൽകിയ സ്ഥാപനത്തിന് തുക നൽകുന്നതിന് അടിയന്തിരമായി സർക്കാർ തലത്തിൽ അപേക്ഷ

നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-53 കന്നുകുട്ടി പരിപാലനം-ഗുണഭോക്താവ് കാലിത്തീറ്റ വാങ്ങുന്നില്ല-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 159/22-23 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ | 400000 (വികസന ഫണ്ട് – ജനറൽ) + 400000 (മറ്റുള്ളവ) – 800000/- |
| ചെലവ് | 400000 (വികസന ഫണ്ട് – ജനറൽ) |
| ബിൽ നം. | 08/08.03.2023 |

മേൽ പ്രോജക്ട് പ്രകാരം 32 ഗുണഭോക്താക്കൾക്കായി 400000/- രൂപ അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ ട്രഷറിയിലുള്ള 708011400000050 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കാലിത്തീറ്റ വിതരണം മറ്റക്കര ക്ഷീരോല്പാദക സഹകരണസംഘത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അവരുടെ വിതരണ രജിസ്റ്റർ പ്രകാരം 5 തവണ നിലവിൽ വിതരണം നടന്നിട്ടുണ്ട്. എലിസബത്ത് ജോജി, ആലയ്ക്കൽ എന്ന ഗുണഭോക്താവ് 3 തവണ മാത്രമേ കാലിത്തീറ്റ വാങ്ങിയിട്ടുള്ളൂ. 32 ഗുണഭോക്താക്കൾക്കുള്ള ആകെ തുകയാണ് മേൽ പദ്ധതിക്കായി അടവാക്കിയിട്ടുള്ളത്. ആയതിനാൽ ഒരു ഗുണഭോക്താവ് കാലിത്തീറ്റ വാങ്ങാത്തതിനും സ്വീകരിച്ച തുടർനടപടികളിലും വിശദീകരണവും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/19.10.2023) മേൽ ഗുണഭോക്താവ് വ്യക്തിപരമായ ആവശ്യങ്ങളാൽ സ്ഥലത്ത് ഇല്ലാതിരുന്നതിനാലാണ് കാലിത്തീറ്റ കൈപ്പറ്റാത്തതെന്നും വരുന്ന മാസം മുതൽ കൃത്യമായി കൈപ്പറ്റുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 10.05.23, 28.06.23, 18.07.23, 24.08.23, 27.09.23 എന്നീ തീയതികളിലാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്. ഇതിൽ 24.08.23, 27.09.23 തീയതികളിൽ മേൽ ഗുണഭോക്താവ് കാലിത്തീറ്റ വാങ്ങിയിട്ടില്ല. രണ്ട് മാസം ഒരു ഗുണഭോക്താവ് കാലിത്തീറ്റ വാങ്ങാതിരുന്നിട്ടും 32 ഗുണഭോക്താക്കൾക്ക് നൽകിയ കാലിത്തീറ്റയുടെ തുകയാണ് വിനിയോഗ സാക്ഷ്യപത്രത്തിൽ ഹാജരാക്കിയിട്ടുള്ളത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് കൃത്യമായ കൈപ്പറ്റ് വിവരവും കൈപ്പറ്റിയ കാലിത്തീറ്റയ്ക്ക് അനസൃതമായ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

1-54 ഹോമിയോ ആശുപത്രിയിലേക്ക് പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>രണ്ടാം ഘട്ടം (209/23) |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| അടങ്കൽ, ഫണ്ടിനം | 50,000/- മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) |
| ചെലവ് | 50,000/- ബിൽ നം.156/21-01-2023 |
| മരുന്ന് സപ്ലൈ ഏജൻസി | The Kerala State Homeopathic Cooperative |

| | |
|---|---|
| | Pharmacy(HOMCO), ആലപ്പുഴ |
| പർച്ചേസ് ഓർഡർ | 05/D17/22-23/3 തീയതി 25/11/2022 |

പ്രോജക്ട് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ HOMCO-യുടെ 13/01/2023 ലെ PF-1164 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 50,000/- രൂപ 23/01/2023-ൽ അടവാക്കി. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പ്രോജക്ട് ഫയലിൽ പർച്ചേസ് ഓർഡർ പ്രകാരമുള്ള മരുന്നുകൾ ആശുപത്രിക്ക് ലഭ്യമായതായി കാണുന്നില്ല. നിലവിൽ മരുന്നുകൾ ലഭ്യമായെങ്കിൽ ആയത് സ്റ്റോക്കിലെടുത്ത് നിർവ്വഹണ ഉദ്യോഗസ്ഥ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ശേഷമുള്ള HOMCO-യിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2022-23/17-10-2023) നൽകിയതിന് 21,328/- രൂപയുടെ മരുന്നുകൾ ലഭ്യമായതായി അറിയിച്ച് LF-1518/25-09-2023 നം. സ്റ്റോക്ക് സാക്ഷ്യപ്പെടുത്തിയ ടാക്സ് ഇൻവോയ്സ് ഹാജരാക്കി.

മേൽ പ്രോജക്ടിൽ ലഭിക്കാനുള്ള ബാക്കി മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത ശേഷം സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ടാക്സ് ഇൻവോയ്സിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നത് വരെ പ്രോജക്ട് ചെലവിലെ അവശേഷിക്കുന്ന 28,672/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-55 KURDFC വായ്പ ബാധ്യതയിൽ അധികരിച്ച് 524,500/- രൂപ തിരികെ അടവാക്കി

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്(Local Body Code: G050701) 2022-23 ധനകാര്യ പത്രിക പ്രകാരം KURDFC വായ്പ ബാധ്യതയിനത്തിൽ മുന്നിരിപ്പായി 01/04/2022-ൽ 406,608/- രൂപയാണ് തിരിച്ചടയ്ക്കാൻ അവശേഷിച്ചിരുന്നത്. തൻവർഷം വായ്പ എടുത്തിട്ടില്ല. എന്നാൽ വായ്പ തിരിച്ചടവായി 931,108/- രൂപ വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത് അടവാക്കിയതായി കാണുന്നു.

| വികസന ഫണ്ട് അലോട്ട്മെന്റ് (ഗഡു) | സ്രോതസ്സിൽ കുറവ് ചെയ്ത തുക | | ആകെ വായ്പ തിരിച്ചടവ് |
|---|---|---|---|
| | ജനറൽ | SCSP | |
| സ.ഉ.(സാധാ) നം.6872/2022/ധന തീയതി 12/10/2022 (രണ്ടാം ഗഡു) | 352,522/- | 113,032/- | 465,554/- |
| സ.ഉ.(സാധാ) നം.1049/2023/ധന തീയതി 13/02/2023 (മൂന്നാം ഗഡു) | 352,523/- | 113,031/- | 465,554/- |
| ആകെ | 705,045/- | 226,063/- | 931,108/- |

പഞ്ചായത്തിലെ വായ്പ രജിസ്റ്ററും കൃത്യമായ കണക്കുകൾ ചേർത്ത് കാലികമാക്കാതെയാണ് സൂക്ഷിക്കുന്നത് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഓരോ സാമ്പത്തിക വർഷവും വായ്പ കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. വായ്പ തുകയിൽ അധികരിച്ച് 524,500/- രൂപ വായ്പ തിരിച്ചടവിനായി വികസന ഫണ്ടിൽ നിന്ന് സ്രോതസ്സിൽ സർക്കാർ കുറവ് ചെയ്തെങ്കിലും ആയത് തിരികെ ക്രമീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് തുടർ നടപടികൾ ഉണ്ടായിട്ടില്ല. അധികമായി വായ്പ തുക സ്രോതസ്സിൽ കുറവ് ചെയ്തത് പഞ്ചായത്ത്(തദ്ദേശ ഭരണ വകുപ്പ്) ഡയറക്ടർ/ജോയിന്റ് ഡയറക്ടർ (കോട്ടയം ജില്ല) മുഖേന സർക്കാരിലേക്ക് അറിയിച്ചതായും കാണുന്നില്ല. വായ്പ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതയും വായ്പ തിരിച്ചടവിലെ അപാകതകളിൽ നടപടികൾ എടുക്കാതെ തുടരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23/17-10-2023) നൽകിയതിന് തുടർവർഷ വായ്പയിൽ തൻവർഷം അധികമായി ഒടുക്കിയ തുക ക്രമീകരിക്കാൻ തദ്ദേശ ഭരണ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

അധികമായി സ്രോതസ്സിൽ കുറവ് ചെയ്ത് തിരികെ ഒടുക്കിയ 524,500/- രൂപ ലോൺ തുക 2023-24 വർഷം എടുക്കുന്ന വായ്പയിൽ ക്രമീകരിക്കുന്നതിന് കോട്ടയം ജില്ല ജോയിന്റ് ഡയറക്ടർ മുഖേന സർക്കാരിലേക്ക് അറിയിച്ച് തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. ലോൺ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിലുള്ള

തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-56 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ അകാരണമായ കാലതാമസം- കരാർ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ സമയക്രമമനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കാത്തതായി കാണുന്നു. കരാറുകാരനുമായി ചമച്ചിട്ടുള്ള കരാർ പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്ക് ആദ്യ ദീർഘീകരണത്തിന് 1% വും തുടർന്നുള്ള ദീർഘീകരണത്തിന് 2% ഫൈൻ ഈടക്കിയും സമയം ദീർഘിപ്പിച്ച് നല്കാവുന്നതാണ്. എന്നാൽ കരാറുകാർ സമയ ദീർഘീകരണത്തിന് അപേക്ഷിക്കുകയോ, സപ്ളിമെന്ററി കരാർ വക്കുകയോ ചെയ്യാതെ വർഷങ്ങളോളം പ്രവൃത്തി നീട്ടിക്കൊണ്ട് പോയിട്ടും എഞ്ചിനീയറിംഗ് വിഭാഗം കരാർ പ്രകാരമുള്ളതോ പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്നതോ ആയ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. വിശദ വിവരം ചുവടെ പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ക്രമ നം | പ്രൊ.നം &പേര് | കരാറു കാരൻ | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ 1%+2% |
|---|---|---|---|---|---|
| 1 | 53/23കാഞ്ഞിരമറ്റം അഗ്രോക്ലിനിക് മെയിന്റനൻസ് APAC -89255/- | ജോഷി സഖറിയ | 17-3-2021 | 29-3-22 | 1000(Min)+ 2000(Min)= 3000 |
| 2. | 55/23 ചെങ്ങളം കർഷക ഓപ്പൺമാർക്കറ്റ് അനുബന്ധ പ്രവർത്തനങ്ങൾ APAC -133865/- | ജോഷി സഖറിയ | 19-04-21 | 21-3-22 | 1339+ 2678 =4017 |
| 3 | 50/23 ആലയ്ക്കൽ ചെമ്പിളാംകുന്ന് നടപ്പാത നവീകരണം APAC -2,67,135.96/- | ജോഷി സഖറിയ | 23-6-20 | 24-3-22 | 2671+ 5342 =8013 |
| | ആകെ ഈടാക്കേണ്ടിയിരുന്ന ഫൈൻ | | | | 15030 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/20-10-23) മറുപടിയായി ഫൈൻ തുക അടയ്ക്കുവാൻ ആവശ്യപ്പെട്ട് കരാറുകാരന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-57 ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു- സർക്കാർ ഫണ്ടിന് നഷ്ടം

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നം 193/23 വയലുങ്കൽ മണ്ണൂർപ്പള്ളി റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ബാരൽ വില കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ബാരൽ വിലയായ 4720/- രൂപ പിൻവലിച്ച് Sale Of Empties

& Waste Material എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ടാറിങ്ങ് പ്രവൃത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരുന്നു. ബാരൽ വില ബന്ധപ്പെട്ട സർക്കാർഫണ്ടുകളിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 18/20-10-23)മറുപടിയായി തുക സർക്കാരിലേക്ക് ഒടുക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 16/10/2023, 17/10/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1,108,732/- രൂപയും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 1,870,057/- രൂപയും ലഭിച്ചിട്ടുണ്ട്. ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 160,000/- | ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി (153/23) | 160,000/- | 0 |
| | 120,000/- | ലൈഫ് ഭവന നിർമ്മാണം- | 120,000/- | 0 |

| | | | | |
|---|---|---|---|---|
| | | ജനറൽ (96/23) | | |
| | 284,350/- | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (6/23) | 284,350/- | 0 |
| | 144,382/- | അങ്കണവാടി പോഷകാഹാരം (5/23) | 144,382/- | 0 |
| | 400,000/- | പാലിന സബ്സിഡി (100/23) | 400,000/- | 0 |
| | 1,108,732/- | ആകെ ബ്ലോക്ക് വിഹിതം | 1,108,732/- | 0 |
| കോട്ടയം ജില്ല പഞ്ചായത്ത് | 1,196,000/- | ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി (153/23) | 1,196,000/- | 0 |
| | 203,000/- | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (6/23) | 203,000/- | 0 |
| | 100,000/- | അങ്കണവാടി പോഷകാഹാരം (5/23) | 100,000/- | 0 |
| | 371,057/- | പാലിന സബ്സിഡി (100/23) | 371,057/- | 0 |
| | 1,870,057/- | ജില്ല പഞ്ചായത്ത് വിഹിതം | 1,870,057/- | 0 |

മേൽ പട്ടികയിലെ പ്രോജക്ടുകളിലെ ജില്ല-ബ്ലോക്ക് വിഹിതം 2,978,789/- രൂപയുടെ വരവ്-ചെലവുകൾ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. റവന്യൂ ഇനം ചെലവുകളായ പ്രോജക്ടുകൾക്ക് ലഭിച്ച തുക ഇൻകം & എക്സ്പെൻഡിച്ചർ I-6 ഷെഡ്യൂളിലും ചെലവ് അതാത് Decentralised Program Service/ Productive Sector ഷെഡ്യൂളുകളിലെ ശീർഷകങ്ങളിലും അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് വിവരം അനുബന്ധരേഖകൾ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് KSEB Ltd., National Rural Health Mission (NRHM) എന്നീ ഏജൻസികളിൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ പ്രകാരം 11.52 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | (പ്രോജക്റ്റ് നം.) | | | |
| KSEB Ltd. | സ്ട്രീറ്റ് മെയിൻ വലിക്കൽ (244/23) | 23,320/- | ഇല്ല | 23,320/- |
| | സ്ട്രീറ്റ് മെയിൻ വലിക്കൽ -KSEB ക്ക് തുക അടവാക്കൽ (83/23) | 50,000/- | ഇല്ല | 50,000/- |
| | സ്ട്രീറ്റ് മെയിൻ വലിക്കൽ (31/23) | 65,330/- | ഇല്ല | 65,330/- |
| | ആകെ KSEB Ltd.-ൽ | 138,650/- | ഇല്ല | 138,650/- |
| National Rural Health Mission (NRHM) | ചെങ്ങളം സബ് സെന്റർ – NRHM ന് തുക അടവാക്കൽ (42/23) | 632,571/- | ഇല്ല | 632,571/- |
| | ചെങ്ങളം സബ് സെന്റർ – NRHM ന് തുക നൽകൽ (243/23) | 380,592/- | ഇല്ല | 380,592/- |
| | ആകെ NRHM-ൽ | 1,013,163/- | ഇല്ല | 1,013,163/- |
| ഒട്ടാകെ | | 1,151,813/- | - | 1,151,813/- |

NRHM-ൽ നിക്ഷേപിച്ച 1,013,163/- രൂപ 460500399-Advance To Other Authorised Agencies എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യിരിക്കുന്നത്. ടി മുൻകൂർ Advance To NRHM എന്ന ശീർഷകത്തിലേക്ക് ജേർണൽ വൗച്ചർ മുഖേന മാറ്റി അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ

പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചിട്ടില്ല. വായ്പ തിരിച്ചടവിനായി വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്തത് പഞ്ചായത്തിന്റെ വായ്പ ബാധ്യതയിൽ അധികരിച്ചതായി കാണുന്നു. വായ്പ മുന്നിരിപ്പ്, തിരിച്ചടവ് എന്നിവയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 100/2018/LSGD തീയതി -30/07/2018 | 406,608/- | ഇല്ല | 931,108/- | - | (524,500/-) |

വികസന ഫണ്ട് (General), വികസന ഫണ്ട് (SCSP) എന്നീ ഫണ്ടുകളുടെ 2022-23 വർഷത്തെ അലോട്ട്മെന്റിൽ യഥാക്രമം 705,045/- രൂപ, 226,063/- രൂപ എന്നിങ്ങനെ ആകെ 931,108/- രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. ബാധ്യതയിൽ അധികമായി തിരിച്ചടവ് നടത്തിയതിനാൽ 31/03/2023 ബാലൻസ് ഷീറ്റ് 330500201 ശീർഷകത്തിൽ നീക്കിയിരിപ്പ് നെഗറ്റീവ് ആയി കാണുന്നു. അധികമായി അടവാക്കിയ തുക 2023-24 ൽ എടുക്കുന്ന വായ്പയിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ലക്ഷം വീട് പദ്ധതിക്കായുള്ള 330200101 ശീർഷകത്തിലെ 43,748/- രൂപയുടെ വായ്പ ബാധ്യത നിലനിൽക്കുന്നതിന്റെ വിവരം വായ്പ രജിസ്റ്ററിൽ ചേർത്തിട്ടില്ല. കാഞ്ഞിരമറ്റം സഹകരണ ബാങ്കിൽ നിലനിൽക്കുന്നതായി അറിയിച്ച വായ്പ തിരിച്ചടച്ച് തീർപ്പാക്കി ആയതിന്റെ ബാധ്യത രഹിത സാക്ഷ്യപത്രവും (Non Liability Certificate-NLC) മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സ്ഥിരനിക്ഷേപ(Fixed Deposits) കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,322,137/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| തൻവർഷം ലഭിച്ച തുക(പലിശ) | 93,673/- |
| ആകെ | 1,415,810/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 3,925/- |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,411,885/- |

ലഭ്യമാക്കിയ FD രസീതുകൾ പ്രകാരം കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1109 കാഞ്ഞിരമറ്റം ശാഖയിൽ 5 സ്ഥിര നിക്ഷേപങ്ങളാണുള്ളത് (3 Fixed Deposits, 2 Endowment Deposits). 31/03/2023 വരെ സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശ നിക്ഷേപ തുകയിലേക്ക് ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. എൻഡോവ്മെന്റ് നിക്ഷേപ പലിശ പിൻവലിച്ചിട്ടുണ്ട്. നിക്ഷേപ സർട്ടിഫിക്കറ്റുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | പലിശ നിരക്ക് | 01/04/2022 മുന്നിരിപ്പ് | 2022-23 പലിശ | ആകെ നിക്ഷേപം | 2022-23 പിൻവലിച്ചത് | 31/03/2023 നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | 7228 | 7 % | 571,307/- | 39,991/- | 611,298/- | ഇല്ല | 611,298/- |
| 2. | 7229 | 7 % | 285,656/- | 19,995/- | 305,651/- | ഇല്ല | 305,651/- |
| 3. | 7230 | 7 % | 425,174/- | 29,762/- | 454,936/- | ഇല്ല | 454,936/- |
| 4. | 3076 | 9.5 % | 10,000/- | 1,900/- | 11,900/- | 1,900/- | 10,000/- |
| 5. | 17629 | 6.75 % | 30,000/- | 2,025/- | 32,025/- | 2,025/- | 30,000/- |
| ആകെ നിക്ഷേപം | | | 1,322,137/- | 93,673/- | 1,415,810/- | 3,925/- | 1,411,885/- |

വാർഷിക കണക്കുകളിൽ 420800101 ശീർഷകത്തിലെ 01/04/2022 ലെ മുന്നിരിപ്പിലും 109,169/- രൂപ കുറവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അക്കൗണ്ടിങ്ങ് അപാകത 2022-23 വർഷവും പരിഹരിച്ചിട്ടില്ലാത്തതിനാൽ ടി തുകയുടെ കുറവ് 31/03/2023 ബാലൻസ് ഷീറ്റിലും നിലനിൽക്കുന്നു. സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ സ്ഥിരനിക്ഷേപ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സ്ഥിര നിക്ഷേപ ശീർഷകത്തിലെ അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് നീക്കിയിരിപ്പ് കൃത്യമാക്കേണ്ടതും സ്ഥിരനിക്ഷേപ രജിസ്റ്റർ (Investment Register) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2-3 | 2016-17 | അനുബന്ധം-3 | വസ്തു നികുതി സംബന്ധമായ അപാകതകൾ | |
| 2014-15 | 2-3-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 41,069,444/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 28,170,141/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 110,416,875/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 112,694,841/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2780635/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 122,134/- | ജോണി റ്റി. എ., സെക്രട്ടറി |
| 1-34 | 87,000/- | ജോണി റ്റി. എ., സെക്രട്ടറി |
| 1-36 | 1,13,160 | ജോണി റ്റി. എ., സെക്രട്ടറി |
| 1-37 | 25,960/- | ജോണി റ്റി. എ., സെക്രട്ടറി |
| 1-38 | 1,251,813/- | ജോണി റ്റി. എ., സെക്രട്ടറി |
| 1-39 | 786,148/- | ഷീജ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-41 | 72,660/- | ജോസഫ് മാർട്ടിൻ ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-43 | 50000/- | ഗൗരി ആർ, കൃഷി ഓഫീസർ |
| 1-45 | 12,000/-<br>13,600/-<br>36,000/- | സോന ബാബു കെ., വി.ഇ.ഓ.-മറ്റക്കര<br>അജിത്ത് കുമാർ വി. എസ്., വി.ഇ.ഒ.-മറ്റക്കര<br>ഫെമി ഫ്രാൻസിസ്, വി.ഇ.ഒ.-മറ്റക്കര |
| 1-46 | 12,000/- | അജിത്ത് കുമാർ വി. എസ്., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ- |

| | | |
|---|---|---|
| | | മറ്റക്കര |
| 1-49 | 72,600/- | ജോസഫ് മാർട്ടിൻ ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-50 | 71,888 | ജോസഫ് മാർട്ടിൻ ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-51 | 25,000/- | ജോസഫ് മാർട്ടിൻ ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-54 | 28,672/- | ഡോ. വസുധ എസ്., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 2,780,635/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ഇനം | തുക |
|---|---|---|
| 1-40 | CGST | 1134/- |
| | SGST | 1134/- |
| ആകെ | | 2268/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.1-14, 1-15

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/10/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2018/52/2018 /16.02.2018 | 3 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി13/54/2022 / 31.05.2022 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി13/55 /2022/ 01.06.2022 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/56/2022 | 5 |

| | | |
|---|---|---|
| | /04.08.2022 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/57/2022 /04.08.2022 | 4 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/58/2022 /04.08.2022 | 9 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/59/2022 /04.08.2022 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/60/2022 /04.08.2022 | 14 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/61/2022 /04.08.2022 | 8 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/അദാ-2022/62/2022 /04.08.2022 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13-360/2022/ 23.07.2022 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി13-360/2022/ 23.07.2022 | 10 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി13-362/2022/ 23.07.2022 | 8 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി13-1395/2019/ 07.09.2022 | 13 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി13-765/2021/ 06.11.2021 | 17 |
| 2020-21 | കെ.എസ്.എ- | 22 |

| | | |
|---|---|---|
| | കെ.ടി.എം.പി13-1714/2021/ 08.08.2022 | |
| 2021-22 | കെ.എസ്.എ- കെ.ടി.എം.പി13-2016/2022/ 25.04.2023 | 23 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6 dated 11-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Akalakkunnam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Akalakkunnam Grama Panchayat for the year 2022-2023

Date: 12/12/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Akalakkunnam Grama Panchayat for the Year 2022-2023.

**1.Major Observations**

1.General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023

2.Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available.

3.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated. Asset database upto 31/03/2023 not available.

4.Bank account head in closing balance sheet of 31.03.2022 has not carried over to 01.04.2022 opening

balance sheet.

5.Balance of General Fund account head in 31/03/2022 closing balance sheet differs in Figure accounted in 01/04/2022 Opening balance sheet.

6.Special Grant balance 12,000/- as on 31/03/2022 closing balance sheet has carried over as 7,500/- to 01/04/2022 Opening balance sheet. Amount of 4,500/-has been omitted in special grant head.

7.Physically verified Investment value of 109,169/- has not accounted in Investment account head.

8.Income and Expenditure of district block shares has not accounted in AFS.

**2.Other Observations**

1.Assets Generated during current year-detailed project wise and fundwise data not provided.

2.Capital Work in Progress accounting and adjustment details and data not provided.

3.Depreciation of 38.73 lakhs provided for assets. But calculation sheet not provided.

4.Government and other dues register not maintained.

5.Demand-Collection-Balance details of Rent, Professon Tax, License are not certified and properly maintained.

6.Interest recieved from endowment deposit credited in own fund of panchayath has not accounted as receipt voucher.

7.Accrual Entry and Reciept of Trader/Institution Profession tax are not properly made in specific account head.

8.Opening balance of advance figures standing in the implementing agency Kerala water(KWA) are not matching with the amount adjusted by KWA during 2022-23.

9.Prior Period Expenditure of 623,039/- has not authorised with relevent source documents and not given as notes on account by Secretary.

10.Advance to NREGS are accounted as accrual payments instead of direct payments.

11.Vacancy Remission of Property Tax is not accounted through Journal Voucher.

Deputy Director
District Audit Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്